# നാഗില

വള്ളത്തോൾ

Digitized By Kerala Sahitya Akademi

# NAGILA

(A SHORT POEM)

VALLATHOL GRANDHALAYAM
CHERUTHURUTHY

By

VALLATHOL

Digitized By Kerala Sahitya Akademi

First Edition
Copies 500

Price
1 Rupee

All Rights Reserved By C. Mallika

1962 February

Publishers:
Vallathol Grandhalayam, Cheruthuruthy

Printed at
Vallathol Ptg. & Pbg. House, Cheruthuruthy
Kerala State.

Cover Design by Chathurong Montrisan Kalamandalam.
Blocks: Sankar Blocks, Trichur

Digitized By Kerala Sahitya Akademi

# നാഗില

★

ഗ്രന്ഥകർത്താ:

**വള്ളത്തോൾ**

Digitized By Kerala Sahitya Akademi

ഒന്നാം പതിപ്പ് — വില
കോപ്പി 500 — 1ക.

പകർപ്പവകാശം: സി. മല്ലികയമ്മ്

1962 - ഫെബ്രുവരി

പ്രസാധകന്മാർ:
**വള്ളത്തോൾ ഗ്രന്ഥാലയം, ചെറുതുരുത്തി.**

അച്ചടി: —
വള്ളത്തോൾ പ്രിണ്ടിംഗ് & പബ്ലിഷിങ്ങ് ഹൌസ്,
ചെറുതുരുത്തി.

---

കവർ ചിത്രം:
ശ്രീ: ചതുരോങ്ങ് മോൺടിസാൻ, കലാമണ്ഡലം.
ബ്ലോക്ക്: ശങ്കർബ്ലോക്ക്സ്, തൃശ്ശൂർ.

Digitized By Kerala Sahitya Akademi

# നാഗിലയിലെ കാവ്യകല

വള്ളത്തോളിൻെറ "സാഹിത്യമഞ്ജരി" അഞ്ചാംഭാഗത്തിൻെറ മുഖവുരയിൽ കാണുന്ന ഒരു വാക്യം ഇതാണ്: —

"സാധാരണ കവികൾക്കു സാധ്യമല്ലാത്തവിധം ഈശ്വരനും മനുഷ്യനും മദ്ധ്യേ സ്ഥിതിചെയ്തുകൊണ്ടു് അവൻെറ ജീവിതഭാണ്ഡത്തെ അഴിച്ചുനോക്കി പരിശോധിച്ചു് വില കല്പിയ്ക്കുന്നതിൽ വള്ളത്തോളിനുള്ള വിസ്മയാവഹമായ നിരീക്ഷണവൈചക്ഷണ്യം മഞ്ജരിയുടെ ഈ അഞ്ചാംഭാഗത്തിലും സുസ്പഷ്ടമായി കളിയാടുന്നുണ്ടു്."

ഈ വാക്യത്തിൽ ഉൾക്കാഴ്ച തികഞ്ഞ ഒരു സാഹിത്യവൈകടികൻെറ നിരീക്ഷണവൈചക്ഷണ്യം ശരിക്കു കാണാം. ആളാരെന്നല്ലെ? ശ്രീ. കുററിപ്പുഴതന്നെ. അതു യും കണ്ടപ്പോൾ അദ്ദേഹത്തിനു് "നാഗില" എന്ന വള്ളത്തോൾകൃതിയെ ആകെയൊന്നു നിരൂപണം ചെയ്യാമായിരുന്നില്ലേ, എന്നൊരു തോന്നൽ ഉണ്ടായി. അതു ചെയ്യാത്തതു മററുള്ളവരുടെ ഒരു ഭാഗ്യക്കേടെന്നുവേണം പറയാൻ. ഏതായാലും ഇവിടെ ഞാൻ അതിലേയ്ക്കു് ഒന്നു പരിശ്രമിക്കുകയാണ് — പററുമെങ്കിൽ പററട്ടെ എന്നു കരുതി മാത്രം.

ഒരു ബൗദ്ധപുരാണകഥയാണ് നാഗില. സന്യാസിയായി പോയിരുന്ന ഭവദത്തൻ ഒരവസരത്തിൽ ജ

Digitized By Kerala Sahitya Akademi

ന്മദേശമായ മഗധത്തിൽ തിരിച്ചെത്തി. ജ്യേഷ്ഠനോട് അതിർ കവിഞ്ഞ ഭക്തിയുണ്ടായിരുന്ന ഭവദേവൻ നവോഢയായ വധുവിന്റെ ദേഹത്തിൽ രണ്ടു തോഴിമാരുടെ സഹായത്തോടെ ആചാരപ്രകാരം ആഭരണാദികൾ അണിയിക്കുകയായിരുന്നു. അപ്പോഴാണ് അയാൾ ജ്യേഷ്ഠന്റെ വരവിനെപ്പററി കേട്ടതു്. കേട്ടതു പാതി, കേൾക്കാത്തപാതി, അലങ്കരണക്രിയ പാതിയാകുന്നതിനിടയിൽ അവളെ വിട്ടിട്ട് ജ്യേഷ്ഠനെ കാണാൻ അയാൾ സ്ഥലം വിട്ടു. സംസാരസമുദ്രത്തിലേയ്ക്ക് തലകുത്തി വീണിരിയ്ക്കുന്ന അനുജനെ രക്ഷിയ്ക്കുന്നതിൽ കവിഞ്ഞ പുണ്യമൊന്നും ഇഹപരങ്ങളിലൊരിടത്തും ഉണ്ടാകാനില്ലെന്നു ധരിച്ചിരുന്ന ഒരു വെറും ശുദ്ധാത്മാവാണ് ജ്യേഷ്ഠൻ. ഒരു ഇരകിട്ടിയപ്പോൾ ആ ജ്യേഷ്ഠനെങ്ങനെ കൈവിടും? അദ്ദേഹം തന്നിമിത്തം അനുജനേയും കൊണ്ടുമാത്രമേ പിന്നീട് അവിടംവിട്ടുപോയുള്ളു.

അതീവ സുന്ദരിയും, അതിലേറെ അനുരാഗവതിയും ആയ നവവധു നാഗില ആഭരണങ്ങളും അംഗരാഗവസ്തുക്കളുംകൊണ്ടു പാതി അണിയപ്പെട്ട ശരീരം കോരിത്തരിച്ചു നിൽക്കുന്ന നിലയിൽ ഭർത്തൃമുഖം കൺകുളിർക്കെ കണ്ടുതീരുന്നതിനുപോലും ഇടയാകാതെ, അങ്ങനെ പെട്ടെന്നു നികൃതയായി. ഭവദേവൻ മുമുക്ഷുവാണെന്നില്ല; നേരേമറിച്ചാണെ" എന്നുണ്ടുതാനും. എന്നിട്ടും ആളു സംഭവിച്ചതു് അയാൾ ജ്യേഷ്ഠന്റെ വാക്കിനു് എതിർവാക്കില്ലെന്നു ധരിച്ചിരുന്ന മറെറാരു മുഗ്ദ്ധശീലനായതു കൊണ്ടുമാത്രമാണ്". ആ അവസ്ഥയിൽ, തനിക്കിഷ്ടമി

Digitized By Kerala Sahitya Akademi

ല്ലാതെ, എന്നാൽ തനിക്കു തടുക്കാനാവാതെ, സന്ന്യാസം സ്വീകരിക്കുന്നതിനുവേണ്ടി അയാറം വിദൂരമായ ഒരാശ്രമത്തിൽ മൌനത്തിലിരിക്കുന്ന ഗുരുപാദർകുടെ സന്നിധാനത്തിലേയ്ക്കു കയർ കെട്ടി വലിക്കപ്പെട്ടതുപോലെ ആനയിക്കപ്പെടുകയാണുണ്ടായതു്.

ഒരു പക്ഷെ ഗുരുപാദർ ഇവരിൽ ആരെപ്പോലെയും ഒരു മുഗ്ദ്ധശീലനായിരുന്നിരിക്കയില്ല. ഭവദേവനെ കണ്ടപാടേ അദ്ദേഹം ചോദിച്ചതു് "പുതുമണവാളവേഷത്തിൽ പുറപ്പെട്ടുവന്നിരിക്കുന്ന ഈ തരുണൻ ആരാണു്?" എന്നാണു്. ചോദ്യം കേവലം സാധാരണമായ ഒന്നുതന്നെ. പക്ഷെ കാവ്യമുഖത്തിൽ അതു മമ്മവാക്യം കുറിച്ചുകൊണ്ടു് അവസാനത്തെ വരിയിലെത്തുംവരെ ഗംഭീരമായി മുഴങ്ങുകതന്നെ ചെയ്യുന്നു. ഒരു തരുണൻ. അതും "ക്ലിപ്തവിവാഹ നവ്യവേഷൻ!" ഈ സ്ഥിതിയിൽ ഭവദത്തൻ ആഗ്രഹിക്കുന്നതുപോലെ അയാറം സന്ന്യാസിയാവി തുടരാൻ ഇടയില്ലെന്നുള്ള ഒരു സൂചന അനൈച്ഛരികമായിട്ടെന്നപോലെ, കഥാപാത്രങ്ങളാരും അറിയാതെ തന്നെയല്ലേ അതിൽ കടന്നുകൂടിയിരിക്കുന്നതു്?

ഗുരുവിന്റെ ചോദ്യത്തിനുത്തരമായി ഭവദത്തൻ കാര്യമെല്ലാം പറഞ്ഞു. "അലർസായകചാപയഷ്ടി" എന്നു പറയത്തക്കവിധം സൌന്ദര്യം കടഞ്ഞെടുത്ത ഒരു കുലകന്യകയെ വീണ്ടും സുന്ദരിയാക്കുന്നതിനുവേണ്ടി അവളുടെ മേൽ ആഭരണാദികറം അണിഞ്ഞുകൊണ്ടിരുന്ന അനുജൻ ഭവദേവനാണിതു്. പക്ഷെ തന്നെ കണ്ടപ്പോറം

Digitized By Kerala Sahitya Akademi

അവൻ സന്ന്യാസകാംക്ഷിയായി കൂടെപ്പോന്നു. ഗുരു അവന്നു സന്ന്യാസം നൽകുന്നെങ്കിൽ അതൊരു മഹോപകാരമായിരിക്കും. അതിന്നുവേണ്ടി അദ്ദേഹം കനിഞ്ഞരുളണം. ഇത്രയുമൊക്കെയായപ്പോൾ, ഗുരുപാദർ ഭവദേവൻെറ നേരെ തിരിഞ്ഞു് "യതിവ്രതേച്ഛുവോ നീ?" എന്ന ചോദ്യമായി. ജ്യേഷ്ഠൻെറ വാക്കുകൾ കേട്ടു് അതെല്ലാം സഹിച്ചുകൊണ്ടു് ഒരടി മുന്നോട്ടോ പിന്നോട്ടോ വയ്ക്കാൻ നിവൃത്തിയില്ലാത്ത ഒരു വെട്ടിൽ വീണിരിയ്ക്കുയാണു് ഭവദേവൻ. അയാൾ എന്തു പറയാൻ! "ജ്യേഷ്ഠൻ കല്പിച്ചതുപോലെ" എന്നൊരു മറുപടിമാത്രമേ അയാളിൽനിന്നു പ്രതീക്ഷിക്കേണ്ടു. "പാഴാകരുതെന്നാര്യവചസ്സ്" എന്നുമാത്രം ഒരുവിധം അയാൾ പറഞ്ഞു വെയ്ക്കുകയും ചെയ്തു. അന്നുമുതൽ ഭവദേവൻ സന്ന്യാസിയായി.

അതേസമയം, അങ്ങകലെ, ആ മനോഹരമായ മഗധഗ്രാമത്തിൽ, ആഭരണാദികൾ പാതി അണിഞ്ഞ നിലയിൽ ഉപേക്ഷിക്കപ്പെട്ട നാഗിലയുടെ മാറിടത്തിന്നു് അവളുടെ തോരാത്ത കണ്ണീർക്കണങ്ങൾ മുത്തുമാലയുമായി.

നാഗില ഉപേക്ഷിക്കപ്പെട്ടെന്നുള്ളതു ശരിതന്നെ. ഭവദേവൻ സന്ന്യാസിയായെന്നുള്ളതും ശരിതന്നെ. പക്ഷേ അതോടെ ഭവദേവന്നുണ്ടായ വേദനയുടെ തീവ്രതവുള്ളതോറും വർണ്ണിച്ചിരിക്കുന്നതു് അദ്ദേഹത്തിനു മാത്രം വശമുള്ള ഒരു ശൈലിയിലാണു്. ഭാവനാശില്പത്തിനു് ഇത്ര ചുരുങ്ങിയ വാക്കുകൾകൊണ്ടു് ഇത്ര വളരെ തെളി-

Digitized By Kerala Sahitya Akademi

ച്ചംവരുത്തിയതിന് മററാധികം ഉദാഹരണങ്ങൾ ഭാഷയിലുണ്ടെന്നു പറയാൻ വയ്യ. വള്ളത്തോളിനെ സംബന്ധിച്ചിടത്തോളം അതൊരു അത്ഭുതമല്ലെന്നു തീച്ച. എന്നാൽപോലും ആ കവികാമ്യം കാവ്യലോകത്തിലെ ഒരു അത്ഭുതമായിട്ടാണ് ശോഭിക്കുന്നത്. നിരൂപണത്തിനിറങ്ങുന്നവൻ പ്രചാരവേലയ്ക്ക് പുറപ്പെടുന്നത് സാഹിത്യത്തിൽ ഒരു മഹാപരാധമാണ്. നിരൂപണത്തിൽ കരു മഹാഭാസവുമാണ്. എന്നിരുന്നാലും ഇവിടെ പ്രചാരവേലയ്ക്ക് ആവശ്യമില്ലാത്ത ഒരു സംഗതിയെപ്പററിയാണ് അത്രയും പറഞ്ഞതെന്ന് എനിക്കു ന്യായമായ ഒരു സമാധാനമുണ്ട്.

നിഷ്ക്കളങ്കനായ ഭവദേവൻ രണ്ടു വൈരുദ്ധ്യങ്ങളുടെ പിടിവലികൾക്കിടയിലകപ്പെട്ടു നട്ടംതിരിയുന്നതാണ് നാഗിലയുടെ രണ്ടാംഭാഗത്തിൽ കാണുന്നത്. ജ്യേഷ്ഠനോടുള്ള ഭക്തി ഒരു വശത്ത്; മറുവശത്താകട്ടെ, ഒരു വിരഹിയുടെ ഒടുങ്ങാത്ത വിയോഗദുഃഖവും. കവിയാണെങ്കിൽ നിഷ്ഠുരമായ തൻെറ കലാവൈഭവം തികച്ചും പ്രയോഗിക്കാൻ ഒട്ടു കൂസുന്നതുമില്ല. "കാവ്യം വജ്രകഠിനമാണ്." എന്നുള്ള ടാഗോറിൻെറ വാക്കുകൾ ഓത്തുപോകുന്നത് ഇത്തരം സന്ദർഭങ്ങളിലാണ്. ജ്യേഷ്ഠനുള്ളതുകൊണ്ടു ഭവദേവൻ നാഗിലയുടെ അടുക്കലേക്കു പോകാൻ ശക്തനല്ല. പക്ഷേ അയാൾ ധ്യാനത്തിനിരിക്കുമ്പോൾ കാണുന്നത് ഉടൽപാതിയണിഞ്ഞ നാഗിലയുടെ വിശ്വമോഹനമായ സുവർണ്ണവിഗ്രഹമാണ്. വ്യ

Digitized By Kerala Sahitya Akademi

തലംഘനം വന്നുപോകുമല്ലോ എന്നു് ആ ശുദ്ധാത്മാവു് ഭയപ്പെടുന്നുണ്ടു്. അതു വരാതിരിക്കാൻ അയാഠം നാഗിലയെ ഓക്കാതിരിക്കുക, വികാരം അടക്കിക്കളയുക, എന്നിങ്ങനെ പഠിച്ചപണികളെല്ലാം പയററിനോക്കുന്നുമുണ്ടു്. ഒരു ഫലവുമില്ല. "എൻ നാഗിലേ" എന്നു് അയാഠം അശരണനായി നിലവിളിച്ചുപോകുന്നു. "ഭവതിയെത്തഴുകാതെ മുക്തിവന്നാലുമില്ല ഭവദേവനു ബാന്ധമോക്ഷം;" എന്നു് അയാഠം വിളിച്ചു കേഴുന്നു. ജ്യേഷ്ഠൻ വന്നു വിളിച്ചപ്പോഠം നാഗിലയെ . വിട്ടുപോരാൻ സമ്മതമില്ലെങ്കിൽതന്നെയും സാരമില്ല എന്നു അയാഠംക്കു് തോന്നിയിരുന്നു. ആദ്യം അങ്ങനെയാണു തോന്നുക. ദിവസം ചെല്ലുംതോറുമാണു് ചെന്നുവീണ കുഴിയുടെ അടിത്തട്ടുകുന്നകന്നുപോകുന്നതായി കാണുന്നതു്. ആ ഇരുട്ടിൽ കിടന്നു വിളിച്ചതുകൊണ്ടു ഫലമില്ലെന്നു് കാണുന്നതും വളരെ വൈകിയിട്ടാണു്. പക്ഷെ അവിടെനിന്നു ആ വിളി പുറപ്പെടാതിരിക്കുകയില്ല

"അന്നാരിതോർത്തു! യതിധർമ്മമരുപ്പരപ്പിൽ
നിന്നാണുപോൽ ചിദമൃതാപ്തി ചതിച്ചുശാസ്ത്രം!

തന്നെത്തന്നെ ആദ്യമായി മനസ്സിലാക്കിക്കൊണ്ടുള്ള ഭവദേവയതിയുടെ വൈകിയനേരത്തെ വിളിയാണതു്. കാര്യങ്ങളുടെ കിടപ്പു് ഇങ്ങനെയൊക്കെയാണെന്നു, തനിക്കു് യതിവ്രതത്തിലെ മറിമായങ്ങളുമായി യാതൊരു ബന്ധവുമില്ലെന്നു്, അയാഠംക്കു് ആദ്യമായൊരു വെളിവുവീഴുന്നതു ഇപ്പോഴാണു്. തന്റെ വിഷയവ്യസന

Digitized By Kerala Sahitya Akademi

ത്തെ ജയിക്കാൻ ജ്യേഷ്ഠനോടുള്ള ഭക്ത്യാതിരേകത്തിനാ പോലും തെല്ലും കഴിവില്ലായിരുന്നു എന്നു് അയാൾക്കു് തികച്ചും ബോധപ്പെടുന്നതു് ഈ വൈകിയ വേളയിലാണ്. അതു് അല്ല നേരത്തെയായിരുന്നെങ്കിലോ? ഇന്നാകട്ടെ കൊല്ലം ഏഴു കഴിഞ്ഞിരിക്കുന്നു.

അപ്പോഴാണ് ആ മഹാസംഭവമുണ്ടായതു്. ഭവദേവൻെറ ജ്യേഷ്ഠൻ ഭവദത്തൻ അങ്ങു മരിച്ചു: 'ക്ലർകത്തുമാര്യൻടെ നേരിനുവേണ്ടി' മാത്രം ദീക്ഷ വരിച്ചിരുന്ന അനുജൻ ആ ആര്യൻെറ മരണശേഷവും എന്തിനാണു അദ്ദേഹത്തിൻെറ സത്യം പാലിക്കുന്നതു്? രാമായണത്തിലാണ് അത്തരം സത്യപരിപാലനം. ദശരഥൻ മരിച്ചാലും രാമനു് പിതൃസത്യം പാലിക്കണം. പക്ഷെ ഭവദേവൻ ഒരു ശ്രീരാമനല്ല. യതിവ്രതമെല്ലാം ചുരുട്ടിക്കൂട്ടി അയാൾ ദൂരെയെറിഞ്ഞു. നാഗിലയുടെ അടുക്കലേയ്ക്കുതന്നെ പുറപ്പെട്ടു കഴിയുകയുംചെയ്തു.

"ധന്യാംഗി ഹാ വിധവ നാഗനിരിക്കെയെന്ന–
തന്യായമല്ലി? പലതീവകയോത്തൊട്ടക്കം"

ഭവദേവൻ വീണ്ടും "ഭവദേവൻ" തന്നെയായി. ഈ വരികളിൽ കാണുന്ന വിചാരഗതി അവിപ്രതിഷേധ്യമാണ്. ഭവദേവനു ജ്യേഷ്ഠൻെറ സത്യം ലംഘിക്കാൻ അതിലേറെ ന്യായമൊന്നും ആവശ്യമില്ലെന്നു ആരും സമ്മതിച്ചുപോകും. എട്ടുവർഷത്തെ വിരഹവേദന ശമിക്കാനും ശമിപ്പിക്കാനും കിട്ടിയ സന്ദർഭം ഒരു ഭാഗ്യമായി കരുതണം. ഭവദേവൻ അങ്ങനെതന്നെ കരുതി അതിനെ സച്ചാത്മനാ സ്വാഗതം ചെയ്തപ്പോൾ രണ്ടാത്മാക്കളുടെ ദുരിതപരിപാകത്തിനു് അറുതികണ്ടല്ലോ എന്നു നാമും ഒന്നു് ആശംസിക്കുകയാണു്.

Digitized By Kerala Sahitya Akademi

പക്ഷേ കഥ അങ്ങിനെ അവസാനിക്കുന്നില്ല. അവസാനിക്കാവുന്നതുമല്ല. ബാക്കി ഭാഗം എളുപ്പം പറഞ്ഞു തീർക്കാവുന്നതേയുള്ളൂ.

മഗധത്തിലെ ജന്മഗ്രാമത്തിലേയ്ക്കു തിരിച്ച ഭവദേവൻ ക്രമേണ ആ മനോഹരഭൂമിയിലെത്തി. പരമപാവനമായ ഭാഗീരഥീനദി അവിടെക്കൂടി ഒഴുകുന്നുണ്ടു്. അതിൻെറ തീരത്തിലെ ഒരു അരയാൽചുവട്ടുവരെ ചെന്നപ്പോഴേയ്ക്കു് വീട്ടിലേയ്ക്കു പിന്നെ പറയത്തക്ക ദൂരമൊന്നുമില്ല. ഭാഗ്യക്കേടിനു് അവിടെയും ഒരു വൈതരണിയാണ് ഭവദേവനു അനുഭവപ്പെട്ടതു്.

"അനങ്ങിടാതായു് കഴൽ മുന്നിലേയ്ക്കുവ-
ന്നനല്പമാം ലജ്ജ പിടിച്ചമർക്കയാൽ—
പുനശ്ച സന്യാസി ഗൃഹസ്ഥനാവുകിൽ
ജനങ്ങളെന്തെന്തു ഹസിച്ചുരച്ചിടാ?"

ലോകപരിഹാസം തൊലിപൊളിക്കുന്നതാണെന്നു് ഭവദേവൻ ആശ്രമം വിട്ടപ്പോഴും ഓർത്തിരിയ്ക്കയില്ല. അങ്ങനെയൊന്നുണ്ടെന്നു നേരിട്ടു അനുഭവത്തിനു വന്നപ്പോഴും മാത്രമേ അയാളും അറിയുന്നുള്ളൂ. അതിനാൽ അയാളുടെ കാലു കുഴഞ്ഞു. ഒടുവിൽ ഒരു ബുദ്ധിതോന്നി. സ്ഥലം അതിനു പററിയതുമായിരുന്നു.

"വരട്ടെ, മാർഗ്ഗക്ലമമാറുകെന്നവൻ
സുരസ്രവന്തീസുഖതോയശീതനായ്
കരസ്ഥൊരാലിൻ തണലത്തിളംതൃണ-
പ്പുരപ്പിൽ നാനാനിനവാന്നു മേവിനാൻ."

Digitized By Kerala Sahitya Akademi

ഏറെ ദൂരം നടന്നു വന്ന ക്ഷീണം മാററിയിട്ടാവാം വീട്ടി ലേക്കു ചെന്നു കയറുക. തൽക്കാലം ഒന്നുവിശ്രമിക്കുകതന്നെ. അങ്ങനെ അയാറം മുററത്തിലെ പച്ചപ്പുല്ലുവിരിച്ച തകടിയിൽ ഒന്നുകിടന്നിരിക്കണം.

"ഭാഗീരഥീജലകണങ്ങറം കവന്നുകൊണ്ടു്" മന്ദമായി വീശുന്ന കുളിർവായുവിൻെറ യഥാത്ഥസുഖം ഒരു വേള ഭവദേവനെപ്പോലെ മററാരും മുൻപും പിൻപും അനുഭവിച്ചിരിക്കയില്ല. മാർഗ്ഗഖിന്നനും വിചാരഖിന്നനുമായ അയാറം ഒന്നു മയങ്ങി. ആലിൻകൊമ്പത്തിരുന്നു ചിലച്ചുകൊണ്ടു് രണ്ടു പക്ഷികറം രണ്ടുവഴിക്കു പറന്നുപോയി. അതിനിടയിൽ ഒരു സ്വപ്നം കണ്ടു് "നാഗില, നാഗില" എന്നു വിളിച്ചുകൊണ്ടു ഞെട്ടിയുണന്നു നോക്കുമ്പോറം സാക്ഷാൽ നാഗിലയുണ്ടു് അയാളുടെ മുമ്പിൽ അതാ, നിൽക്കുന്നു! "ധന്നായി" എന്നു നാം ഉടൻ പറഞ്ഞുപോകും. അത്രയ്ക്കാണു് സന്ദർഭത്തിൻെറ സ്വാഭാവികതയും, കവിതയുടെ നാടകീയതയും, ആ പരിണാമംകൊണ്ടു തോന്നുന്ന ആശ്വാസവും.

പക്ഷെ! എന്തൊരാശ്വാസം? എന്താണു കഥ? നാഗില ഭവദേവനെയൊന്നും കാണാനല്ല വന്നിരിക്കുന്നതു്. അവറം ഇപ്പോറം എല്ലാം ഉപേക്ഷിച്ച സന്ന്യാസിനിയാണു്. ഭാഗീരഥീനദിയിൽ കുളിച്ചു് ഈറൻ വസ്ത്രവുമായി അവറം അരയാലിനെ പ്രദക്ഷിണം വയ്ക്കാനാണു് ഭാവം. ഭവദേവൻ പിടഞ്ഞെഴുന്നേററു് "വത്സ പ്രിയേ!" എന്നു വിളിച്ചുകൊണ്ടു കൈരണ്ടും നീട്ടിയടുത്തപ്പോറം അവറം പെട്ടെന്നു് തീരെ നിനച്ചിരിയാതെ,

Digitized By Kerala Sahitya Akademi

"തൊടായ്ക, മാം നാഥ! തൊടായ്ക, സക്തി ഭോ
പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ!"

എന്ന തടുത്തുകൊണ്ട്, ഉദ്ഗ്രഥനം വിടാതെ ഒഴിഞ്ഞു മാറിക്കളയുകയാണുണ്ടായത്. ഭവദേവന്റെ പിന്നത്തെ പ്രാർത്ഥനകളും പരിദേവനങ്ങളുമൊന്നും തെല്ലും വില പ്പോകുന്നില്ല. അതെല്ലാം കേട്ടിട്ടും നാഗില, "ഹാ, ശാന്തം പാപം! ഗുരുദാരതി യതികാമത്മഹത്യയ്ക്കു തുല്യം" എന്ന ദൃഢസ്വരത്തിൽ അയാളെ അനുസ്മരിപ്പിക്കുന്നതേ യുള്ളു. ഒടുവിൽ, സ്വന്തം ഭാര്യയേയും കുഞ്ഞിനേയുംകൂ ടി ഉപേക്ഷിച്ച ശ്രീബുദ്ധനെപ്പോലെ, വന്ന വഴി തി രിച്ചുപോയേക്കുക, എന്ന് അവൾ ഉപദേശിച്ചുകഴിയു ന്നതോടെ താനേതന്നെ കാവ്യം വിശ്രാന്തമായിത്തീരു കയും ചെയ്യുന്നു.

നാഗിലയിലെ ഇതിവൃത്തം വളരെ ലളിതമാണ്. വിവാഹവേദിയിൽ നില്ക്കുന്ന വധൂവരന്മാർ. അവരിൽ വരനെ ജ്യേഷ്ഠൻ തട്ടിക്കൊണ്ടുപോയി ഒരു ദീക്ഷാവര നാക്കുക; വധുവിനെ മറക്കാനാവാതെ അയാൾ വിരഹാ തുരനായി കാലം പോക്കുക; അങ്ങനെ എട്ടു വർഷം കഴി യുമ്പോഴേയ്ക്കു ജ്യേഷ്ഠൻ മരിയ്ക്കുകയും അനുജൻ വധുവി ന്റെ അടുക്കൽ പറന്നെത്തുകയും ചെയ്യു; അതിനകം തികഞ്ഞ വിരക്തയായിത്തീർന്നിരുന്ന വധു അയാളുടെ പ്രണയപ്രാർത്ഥനയെ നിരസിയ്ക്കുക — ഇത്രമാത്രമാണ് നാഗിലയിലെ കഥാവസ്തു.

കഥ എവിടെ അവസാനിപ്പിയ്ക്കണമെന്നറിയുന്ന താണ് യഥാർത്ഥകവിലക്ഷണം. ഭവദേവനെ കാര്യം പറ

Digitized By Kerala Sahitya Akademi

ഞ്ഞു മനസ്സിലാക്കുന്നതിനുവേണ്ടി കവിയ്ക്കു വേണമെങ്കിൽ അയാളുടെ ഗുരുവിനെ വീണ്ടും അവതരിപ്പിയ്ക്കാമായിരുന്നു. ഒരു വാദപ്രതിവാദം കഴിഞ്ഞു് വേണ്ട ഉൽബോധനങ്ങളുമെല്ലാം നടത്തി താൻ ഒരു മഹാകാര്യം സാധിച്ചെന്നുള്ള കൃതാർത്ഥതയോടെ കാവ്യം അവസാനിപ്പിയ്ക്കാൻ വള്ളത്തോളിനു ധാരാളം കഴിയുമായിരുന്നു. ഏതായാലും നാഗിലയെ ഒരു ചണ്ഡാലഭിക്ഷുകിയാക്കിത്തീർക്കുന്നതു കലയല്ല, കവിതയുമല്ല, എന്ന് ആദ്ദേഹം മനസ്സിലാക്കിയിരുന്നു എന്നുള്ളതു ഭാഗ്യംതന്നെ. തന്നിമിത്തം പടവലങ്ങായുടെ അററത്തു കല്ലു കെട്ടിത്തൂക്കുന്നതുപോലെ കഥ അവസാനിച്ചിട്ടും കാവ്യം നീളുക എന്ന കലാഭംഗം കൂടാതെ കഴിയ്ക്കാൻ അദ്ദേഹത്തിനു സാധിച്ചു. നാഗില നിൽക്കേണ്ട സ്ഥാനത്തു തന്നെ അദ്ദേഹം നാടകീയമായങ്ങു നിർത്തി. ഒരു വൃത്തമൊത്ത പരിപൂർണ്ണതയുടെ സ്വച്ഛമായ കലാസുഭഗത എത്രത്തോളമെന്നു് അതുകൊണ്ടു വെളിപ്പെടുകയും ചെയ്തു.

വള്ളത്തോളിൻെറ കൃതികളിലെ നാടകീയതയെപ്പററി പറയുമ്പോഠം, ലണ്ടൻ ബി. ബി. സി. യിൽ ടി എസ്. എലിയട്ടും മിസ്റ്റർ ബി. എന്ന പണ്ഡിതനും തമ്മിൽ നടന്ന ഒരു സാഹിത്യ ചർച്ച ഞാൻ വീണ്ടും ഓർത്തുപോവുകയാണ്. "For, on the one hand, what great poetry is not dramatic?" ഏതു മഹത്തായ കവിതയാണ് നാടകീയമല്ലാത്തതു്? ഇങ്ങനെയൊരു ചോദ്യം ആ ചർച്ചയിൽ ഉണ്ടായി. ഹോമർ, വെർജിൽ തുടങ്ങിയ വിശ്വമഹാകവികളെല്ലാം കവിതയിൽ നാടകീയ

Digitized By Kerala Sahitya Akademi

ത പ്രദശിപ്പിച്ചവരാണെന്ന മിസ്റ്റർ ബി. അതിനെ തുടർന്നു വെളിപ്പെടുത്തി. മലയാളത്തിൽ, അടുത്ത കാലത്തെ ഒരു നാടകീയ കവി വള്ളത്തോളാണെന്നു് അദ്ദേഹത്തിന്റെ മിക്ക കൃതികളിലും കാണുന്നുണ്ടു്. ആ അംശത്തിൽ അദ്ദേഹത്തെ സമീപിയ്ക്കാൻ കഴിയുന്നവർ ഈ കാലഘട്ടത്തിൽ ഇല്ലതാനും.

പാത്രങ്ങളും, രംഗങ്ങളുമെല്ലാം കവിയുടെ ഭാവനയിൽ പ്രത്യക്ഷമെന്നപോലെ പ്രകാശിയ്ക്കുന്നതിന്റെ ഫലമാണു കവിതയിലെ നാടകീയത. വെറും ആഖ്യാനകൃതികളിൽ കവിയുടെ കഴിവു മുഴുവൻ പ്രത്യക്ഷീകരിക്കുന്ന വർണ്ണനാവിസ്തരവും, അലങ്കാരധോരണിയുമൊക്കെ കണ്ടെന്നുവരാം. എന്നാൽ, "ഞാൻ കഥ പറയാം; നിങ്ങൾ കേട്ടോളൂ!" എന്നൊരു ഭാവമല്ല വള്ളത്തോളിന്റെ കൃതികളിൽ കാണുന്നതു്. അതിനുപകരം, "ഞാൻ കഥ പറയാറില്ല; കഥയിൽ ജീവിയ്ക്കുകയും നിങ്ങളെക്കൂടി അതിൽ ജീവിപ്പിയ്ക്കുകയുമാണു് ചെയ്യു," എന്നൊരു ഭാവം അതിലെല്ലാം സ്പഷ്ടമാകുന്നുമുണ്ടു്. കഥയിലെ അന്തരീക്ഷത്തിൽ ശ്വസിച്ചുകൊണ്ടു് കഥാപാത്രങ്ങളുടെ അനുഭൂതികളെ സ്വാംശീകരിയ്ക്കാൻ വായനക്കാർക്കു് അവസരം നല്കുന്നതു കവിതയിലെ നാടകീയതയാണു്, വെറും ആഖ്യാനകോലാഹലമല്ല.

നാഗിലയുടെ കഥാഘടനയിൽത്തന്നെ നാടകീയതയുടെ അംശമെന്ന നിലയിൽ വേണ്ടുവോളം വൈരുദ്ധ്യങ്ങൾ നിവേശിപ്പിച്ചിരിയ്ക്കുന്നതു കാണാം. വിവാഹവേള

Digitized By Kerala Sahitya Akademi

യിൽ വധുവിൻെറ അവയവങ്ങാം തോറും ആഭരണാദി കാം അണിയിച്ചുകൊണ്ടു നില്ക്കുന്ന വരൻ ആ അലങ്കര ണക്രിയയ്ക്കിടയിൽത്തന്നെ അവളിൽനിന്നു ദൈവഗതി യാലെന്നപോലെ വേർപെടുത്തപ്പെടുക: ഇതിലേറെ സ്വാഭാവികമായ രീതിയിൽ ഒരു നാടകീയസംഭവം സ ങ്കല്പിയ്ക്കാൻതന്നെ എളുപ്പമല്ല. ഭവദേവൻ ഈശ്വരനെ പ്പോലെ ആരാധിയ്ക്കുന്ന ഭവദത്തൻ ദൈവഗതിയാല ല്ലെങ്കിൽ പിന്നെയെങ്ങനെയാണ് ആ സന്ദർഭത്തിൽ അവിടെ വന്നുചേരുക? കഥയിലെ ബാക്കി സംഘട്ടന പരമ്പരകാംക്കെല്ലാം ആ സംഭവം ബീജാവാപം ചെയ്തു കഴിയുന്നു.

ഭവദത്തൻ വിവാഹവേദിയിലെ വധുവിൻെറ മു മ്പിൽനിന്നു ഭവദേവനെ പിടിച്ചിറക്കി നേരേ ഗുരുവി ൻെറ അടുക്കലെത്തിച്ചതു ഒരു സാഹസമായിപ്പോയെന്നു നമുക്കു തോന്നാം. പക്ഷേ, ഭവനീരാഴിയിൽ ആണ്ടുപോ കുന്നതിനുമുൻപ് അയാളെ രക്ഷിയ്ക്കാൻ കനിഞ്ഞ ആ ജ്യേഷ്ഠൻെറ മുഖത്തു മിന്നുന്ന പരിശുദ്ധമായ ചാരിതാ ത്ഥ്യം കാണുമ്പോാം അയാളുടെ ശുദ്ധഗതിയെപ്പററി, അഥവാ ലോകഗതിയെക്കുറിച്ചുള്ള അറിവില്ലായ്മയെപ്പ ററി, അനുശോചിയ്ക്കാൻ മാത്രമേ നമുക്കു സാധിയ്ക്കുന്നുള്ളു. അതുപോലെതന്നെ നവവധുവിനെ അകാരണമായി വി ട്ടുപോയ ഭവദേവൻെറ സാഹസവും നാഗിലയുടെ അത്യ ന്തദുഃഖത്തിനിടയിൽപ്പോലും ശിക്ഷാർഹമാണെന്നുള്ള തോന്നൽ നമ്മിൽ ഉളവാക്കുന്നില്ല. സകലതും നാടകീയ വൈരുദ്ധ്യങ്ങാംതന്നെ. പക്ഷേ, ആ വൈരുദ്ധ്യങ്ങളോ

Digitized By Kerala Sahitya Akademi

ടെല്ലാം ഇണങ്ങിച്ചേൎന്നു പൊരുത്തപ്പെടാൻ, ഹെഗൽ എന്ന ജൎമ്മൻ തത്ത്വചിന്തകൻ പറയുന്ന ആ Reconciliation അനുഭവത്തിൽ വരുത്താൻ, നമുക്കു ഒരു വൈഷമ്യവും തോന്നാത്തതാണു് അത്ഭുതം. ഭവദത്തൻ ചെയ്തതു ചെയ്യും. ഭവദേവനും അങ്ങനെ തന്നെ. നാം താനേ സമ്മതിയ്ക്കാൻ തയ്യാറാണു് അതെല്ലാം. കവിയുടെ കഴിവാണു് അതിനു കാരണമെന്നു പിന്നെ പറയേണ്ടതുമില്ല.

ആ ജ്യേഷ്ഠാനുജന്മാരുടെ പരസ്പരവിപരീതമെങ്കിലും തുല്യശക്തിയുള്ള രണ്ടു മുഗ്ദ്ധതകൾക്കിടയിൽ നീക്കുപോക്കില്ലാതെ അതീവ കൎക്കശമായി പ്രവൎത്തിയ്ക്കുന്ന ഒരു വിധിയന്ത്രത്തെ നാം കാണുന്നുണ്ടു്. അപ്പോഴാണു പാവപ്പെട്ട നാഗിലയുടെ അടുക്കലേയ്ക്കു ശ്രദ്ധ തിരിയുന്നതു്. അതു മനസ്സിലാക്കിയിട്ടെന്നപോലെ അവളെ ഒരേ ഒരു നോക്കു കാണാൻ, അതേസമയം അവളുടെ അശരണമായ അവസ്ഥ മുഴുവൻ ഗ്രഹിയ്ക്കത്തക്കവിധം കാണാൻ, കവി നമ്മെ അനുവദിയ്ക്കുന്നുണ്ടു്.

"ഉടൽ പാതിയണിഞ്ഞ പത്നിതൻ പൊൽ-
ക്കുടമൊക്കും മുലകൾക്കു ദൈവയോഗാൽ
സ്ഫുടമാപ്രിയവിപ്രയോഗദുഃഖോൽ-
ക്കടബാഷ്പാവലിയായി മുത്തുമാല്യം."

ഇത്തരം ഒരു രംഗവും അവസ്ഥയും വൎണ്ണിയ്ക്കാൻ വേറെ ചില മലയാളമഹാകവികൾ ഒരു എൺപത്തീരടിയെങ്കിലും ചെലവാക്കുമായിരുന്നു. എന്നാൽത്തന്നെയും ഉദ്ദേശിച്ച ഫലം കിട്ടുകയുമില്ല. അഭിജാതമായ ഒരു ശൈലിയിൽ വെറും നാലേനാലു വരികൊണ്ടു വള്ള

Digitized By Kerala Sahitya Akademi

ത്തോറം പറയേണ്ടതു സകലതും അങ്ങേഅററംവരെ ഇവി ടെ പറഞ്ഞുകഴിഞ്ഞിരിയ്ക്കുന്നു. യാതൊരു കുററവുമില്ലാത്ത നാഗിലയുടെ മാറിലൂടെ തോരാതെ ഒഴുകുന്ന കണ്ണീർ തന്നെയും അത്യന്തദുസ്സഹമാണ്. പക്ഷേ അതു പറഞ്ഞു വച്ചിരിയ്ക്കുന്നതിൽത്തന്നെ എന്തൊരു വൈരുദ്ധ്യമാണെന്നു നോക്കുക! ആ കണ്ണീർക്കണങ്ങളുടെ പരമ്പര അവറംക്ക് ഭർത്തൃദത്തമായ മുത്തുമാല്യമായത്രേ! വിധിയുടെ ഒരു നിഷ്ഠുരമായ ഹാസംപോലെയാണ് ആ "മുത്തുമാല്യം" കണ്ടാൽ തോന്നുക. കാവ്യം വജ്രകഠിനമാണല്ലൊ, കവിയും വജ്രകഠിനൻതന്നെ. പക്ഷേ കാഠിന്യത്തിനു കലയിൽ അതിൻേറതായ ഒരു അസാധാരണസൗന്ദര്യമുണ്ട്. ദുരന്തദുഃഖത്തിലൂടെ ഒരു സൌന്ദര്യം സാക്ഷാൽക്കരിയ്ക്കുകയാണു കവിയുടെ ലക്ഷ്യം. അതിൻെറ ആനന്ദം നമ്മിലേയ്ക്കു പകരുകയാണ് ആദ്ദേഹത്തിൻെറ ധർമ്മം. ഗ്രേ എന്ന ആംഗലകവി ഒരു ശ്മശാനപ്പറമ്പിനെക്കുറിച്ചെഴുതിയ വിലാപകാവ്യം പ്രസിദ്ധമാണ്. അതിനെപ്പററി Gerald Bullet എന്ന ആംഗലസാഹിത്യകാരൻ പറയുന്നു: "Here the poet gives himself up to pleasures of melancholy." കവി അതിൽ വിഷാദത്തിൻെറ ആനന്ദത്തിലാണ്ടുപോവുകയാണെന്ന്. വല്ലത്തോറം ദുഃഖത്തിൻെറ ആഴം അളന്നുകാട്ടുന്നതു് നിഷ്പ്രയാസമായിട്ടാണ്, പക്ഷേ അപ്പോറം നാം മനസ്സിലാക്കുന്നതു് ആ ആഴത്തിനളവില്ലെന്നാണതാനം. പരസ്പരവൈരുദ്ധ്യങ്ങളും അസംഖ്യങ്ങളും ജീവിതത്തിലുണ്ടെങ്കിലും അവയെ പൊരുത്ത

Digitized By Kerala Sahitya Akademi

പ്പെടുത്തി സുന്ദരമാക്കാൻ കലയിലൂടെ സാധിയ്ക്കുമെന്ന് നാം കാണുന്നത് ഈ മാതിരി സന്ദർഭങ്ങളിലാണ്. അതില്ലെങ്കിൽ നാഗിലയുടെ കണ്ണീരും അവളുടെ ദുഃഖത്തിന്റെ അളവററ ആഴവും കണ്ടതിനുശേഷം കാവ്യം തുടർന്നു വായിയ്ക്കാൻ ആരും ഇഷ്ടപ്പെടുമായിരുന്നില്ല.

നാടകീയത വൈരുദ്ധ്യാധിഷ്ഠിതമായിത്തന്നെയിരിയ്ക്കണമെന്നു യാതൊരു നിർബ്ബന്ധവുമില്ലെങ്കിലും വളരെയോളം വൈരുദ്ധ്യത്തെയാണു പ്രധാനമായി ആശ്രയിച്ചിരിയ്ക്കുന്നതെന്നു പറയണം. ഭവദേവൻ സന്യാസം സ്വീകരിച്ചതുതന്നെയും ഒരു നാടകീയസംഭവമായിട്ടാണു നാട്ടുകാർക്കു തോന്നിയതെന്നു കവി നമ്മെ അനുസ്മരിപ്പിയ്ക്കുന്നുണ്ട്. എന്നാൽപ്പോലും മോക്ഷത്തിന്റെ മുഖം എങ്ങനെയിരിയ്ക്കുമെന്നു അയാൾ ഉററുനോക്കാതിരിയ്ക്കുന്നില്ല. ധ്യാനം അയാളുടെ ദിനചര്യയിൽപ്പെട്ട ഒരു പ്രധാന സംഗതിയാണ്. നാഗിലയെ ഓർക്കാതിരിയ്ക്കുക, ആവേശം അടക്കിക്കളയുക, തുടങ്ങിയ തീവ്രസമരപരിപാടികൾ മുറയ്ക്കു നടക്കുന്നുണ്ട്. എങ്കിലും കണ്ണടച്ചിരിയ്ക്കുമ്പോൾ ഭവദേവൻ കാണുന്നതു മുഴുവൻ അർദ്ധവിഭൂഷിതാംഗിയായി വിട്ടിട്ടു പോന്ന നാഗിലയുടെ പൊന്നുടലാണ്. ഇവിടെ നായികയെ കവി അവതരിപ്പിയ്ക്കാതെതന്നെ അവളെ മാടിമുടി കാട്ടിത്തരുന്നതു ശുദ്ധമേ നാടകീയമായ രീതിയിലാണ്. ഒടുവിൽ അവളുടെ സൗഭഗസൗഷ്ഠവങ്ങളും പ്രകൃതിയുടെ ഉണക്കമുഖവും തമ്മിലുള്ള മത്സരത്തിൽ അടിയററു നിലംപാറുന്നത് ഭവദേവനാണ്.

Digitized By Kerala Sahitya Akademi

"എൻ നാഗിലേ! ഭ്രാന്തിയെത്തഴകാതെ മുക്തി
വന്നാലുമില്ല ഭവദേവന്റെ ബന്ധമോക്ഷം!"

എന്നുള്ള ആയാളുടെ പരിദേവനം മർമ്മഭേദകമായിട്ടാണു തോന്നുക. "എൻ നാഗിലേ!" എന്നുള്ള ആ വിളിയിൽ ആയാളെ ബന്ധിച്ചിരിക്കുന്ന ഭവശൃംഖല ഒററ ശ്വാസത്തിലൂടെ അന്തമററവിധം നീളുകക്കൂടിച്ചെയ്യുന്നതു കാണാം. തന്നെത്തന്നെ പ്രഥമപുരുഷനായി കാണുന്ന ഭവദേവൻ ആരറിയാതെ അങ്ങനെ ചെയ്യുന്നു എന്നു വിചാരിക്കുന്നതും ശരിയായിരിക്കയില്ല. വാക്കും, നിശ്ചയവും സംശയാതീതമാംവണ്ണം ദൃഢമാണെന്നു ഉള്ളിൽത്തട്ടി പറയേണ്ടിവരുമ്പോഴാണു ഉത്തമപുരുഷൻ പ്രഥമപുരുഷനാകുന്നതെന്നോർക്കണം. നാഗിലയെ തഴകാതെ തനിക്കു ഒരു കാലത്തും ബന്ധമോക്ഷമില്ലെന്നുള്ള വസ്തുത ഭവദേവൻെറ ഉള്ളിൽ എത്രത്തോളം തട്ടിയിട്ടുണ്ടെന്നു ആരു വെളിപ്പെടുത്തുന്നു. "മുക്തിവന്നാലുമില്ല ബന്ധമോക്ഷം" എന്നു പറയുന്നതിലുള്ള വൈരുദ്ധ്യം അതിനെ കൂടുതൽ ദൃഢീകരിക്കയും ചെയ്യുന്നു. അടുത്ത വരിയിൽ "ആനാരിതോത്തു!" എന്നിങ്ങനെ അയാളുടെ നിസ്സഹായത വീണ്ടും അയാൾ ഒരു ഏങ്ങലിടികൊണ്ടു കാണിച്ചുതരുന്നു. ആ ഏങ്ങലിടി അയാളുടെ ജീവനാളത്തിൻെറ അടിത്തട്ടുവരെ ആഞ്ഞാടിക്കുന്നുണ്ടെന്നാണു തോന്നിപ്പോകുക. ഇതു വെറും കവിതയൊന്നുമല്ല; ഓരോ ചലനവും സ്പന്ദനവും വായനക്കാരുടെ അനുഭവമണ്ഡല



Digitized By Kerala Sahitya Akademi

ത്തിൽ തെരുതെരെ പൊട്ടിപ്പുറപ്പെടത്തക്ക അസാധാരണ മായൊരു നാടകമാണ്. വള്ളത്തോൾ ഗാനഗന്ധർവ്വന ല്ല, ഒന്നിന്റെയും പ്രത്യേക ഗായകനുമല്ല. അദ്ദേഹം യഥാർത്ഥസ്രഷ്ടികർത്താവാണ്; സംശയമില്ല.

ഭവദേവൻ അയാളെത്തന്നെ മനസ്സിലാക്കിയിരു ന്നു എന്നുള്ളതു ശരിയാണ്. എങ്കിലും, "അന്നാരിതോ ർത്തു! യതിധർമ്മമരുപ്പരപ്പിൽ നിന്നാണുപോൽ ചിരമൃതാ പ്തി! ചതിച്ചു ശാസ്ത്രം!" എന്നു അയാൾ താനേ സകല ത്തും മനസ്സിലാക്കുന്നതു് ഇപ്പോൾമാത്രം. സംസാരപാശ ത്തിൽ കുടുങ്ങുന്ന മനുഷ്യാത്മാവിന്റെ നിസ്സാഹായത അതോടെ നാം നേരിൽ കണ്ടറിയുകയും ചെയ്യുന്നു. പ്രബ ന്ധങ്ങൾ നൂറുകണക്കിനു വായിച്ചാലും അവയിലെ ഉൽ ബോധനങ്ങൾക്കൊന്നിനും ഈ ശക്തി കാണുകയില്ല. കവി ത എന്നതു് വാദപ്രതിവാദമോ തത്ത്വപ്രസ്താവമോ മൂലമു ള്ള ഉൽബോധനമല്ല. അത്തരം ഉൽബോധനങ്ങളിൽ കാ വ്യസഹജമായ ആശയഗാംഭീര്യമില്ലതാനും. കഥാപാത്ര ങ്ങളുടെ അനുഭവങ്ങളിലൂടെ വായനക്കാർ ജീവിതത്തി ന്റെ അഗാധതലങ്ങൾ അല്പമായിട്ടെങ്കിലും കാണാനിട യാകുന്നെങ്കിൽ അതാണു കലയിലെ ആശയഗാംഭീര്യം. അത്തരം ആശയഗാംഭീര്യത്തിൽ വള്ളത്തോൾക്കവിത എ പ്പോഴും മികച്ചുനില്ക്കുമെന്നാണ് തോന്നുന്നത്.

ഭവദേവൻ മധുരയിലേയ്ക്കു് പുറപ്പെടുന്നതു നാടകീ യ വൈരുദ്ധ്യത്തിന്റെ പിരിമുറുക്കുന്നതായിട്ടാണു കാ ണുക. "നാഗിലതൻ പാദാപ്തിനോലതാന്തസൗഭാഗ്യമതി

Digitized By Kerala Sahitya Akademi

വ പാവനം", എന്നാണ് കവി ആ പ്രദേശത്തെ വിശേഷിപ്പിക്കുന്നത്. ആ നാഗിലയാണെങ്കിൽ "വ്രതാഢ്യ" യുമാണ്. ഭവദേവനു പററാൻപോകുന്ന തിരിച്ചടിയുടെ ഒരു തെററാത്ത സൂചന. പക്ഷെ ആദ്യം ആരും അതു ശ്രദ്ധിച്ചെന്നു വരികയില്ല. അത്രത്തോളം ആ തിരിച്ചടിക്കു ശക്തി കൂടുകയും ചെയ്യും.

യാത്രാക്ഷീണത്താലും "പുനശ്ച സന്ന്യാസി ഗ്രഹസ്ഥനാവുകിൽ ജനങ്ങളെന്തെന്തു ഹസിച്ചുരച്ചിടാ!" എന്നുള്ള വിചാരംമൂലം സംഭവിച്ച ലജ്ജയാലും ഭവദേവൻെറ കാലുകൾ മുന്നോട്ടു നീങ്ങാൻ കുറെ പതുങ്ങൽതന്നെ. അങ്ങനെ അയാൾ ഭാഗീരഥീതീരത്തിലെ ആൽത്തറയിലിരുന്നു ഒന്നു മയങ്ങി. ഇതെല്ലാം വളരെ സ്വാഭാവികം. എങ്കിലും ആ സ്വാഭാവികതയിൽത്തന്നെ ചില നാടകങ്ങൾ അന്തർഭവിച്ചിട്ടുണ്ടെന്നു പിന്നീടു നാം മനസ്സിലാക്കുന്നു. ഭവദേവനു കിട്ടാൻപോകുന്ന അടി ഏതുതരത്തിലുള്ളതെന്നോ, അതിൻെറ ശക്തി എത്രയെന്നോ, ആ മയക്കത്തിൽ അയാൾ അറിയുന്നില്ല; നാമും അറിയുന്നില്ല. എന്നാൽ കവിപോലും അറിയുന്നില്ലെന്നു വരുമോ? എന്തോ! കണ്ടാൽ തോന്നുന്നത് അങ്ങനെയാണെന്നുമാത്രം. നാഗില കൊടുക്കുന്ന അടിയുടെ ഊക്കം അത്ര ഭയങ്കരമാകുന്നതിനുള്ള പശ്ചാത്തലമാണ് ഭവദേവൻെറ വിശ്രമവും, മയക്കവും, സ്വപ്നവും.

സ്വപ്നം ഫലിച്ചെന്നു തോന്നുംവിധമാണ് നാഗില അയാളുടെ മുമ്പിലെത്തുന്നത്. അതും അപ്രതീക്ഷിതമാ

Digitized By Kerala Sahitya Akademi

യിട്ടാണ്. സ്വപ്നത്തിൽനിന്നു ഞെട്ടിയുണർന്ന ഭവദേവ ന്റെ പെട്ടെന്നുണ്ടായത്ു് ഒരു അമ്പരപ്പാണ്. നിമിഷ ത്തിനിടയിൽ അതിൽനിന്നു മുക്തനായി അയാൾ,

"പിടഞ്ഞെഴുന്നേററു്, വരു പ്രിയേ! ത്രലോം
ചടച്ചയേ! ഭിക്ഷുകിയായി നീയുമേ."

എന്നിങ്ങനെ റേസ്സാദ്ഘോരാവേശനായി ഉഗ്രരിക്കൊണ്ടു രണ്ടു കയ്യും നീട്ടി അവളുടെ നേരെ ആഞ്ഞടുക്കുകയായി. അ പ്പോഴാണ് ഒരു ഭൂകമ്പംപോലെ ആ സംഭവം ഉണ്ടായത്ു്.

"തൊടായ്ക മാം നാഥ! തൊടായ്ക സക്തി തേ
പെടായ്ക കൈവിട്ട നികൃഷ്ടവസ്തുവിൽ!"

എന്നു തടഞ്ഞുകൊണ്ടു, ദ്രുതവേഗത്തിൽ നാഗില ഒഴി ഞ്ഞുകളയുന്നതോടെ തീരെ അവിചാരിതമായ ആ തിരി ച്ചടി ഭവദേവന്റെ ചെകിട്ടത്തു കിട്ടിയ അടിപോലെയാണ് പ തിയ്ക്കുന്നത്ു്. ഇവിടെ നാടകം അതിന്റെ മൂർദ്ധന്യഘട്ട ത്തിലെത്തിയിരിയ്ക്കുകയാണ്. അടുത്തൊരടികൂടി വച്ചാൽ കർട്ടൻ വീഴുകയായി.

അതും, അതാ, ഉടനടി നടക്കുകയാണ്. ഭവദേവൻ എത്തേണ്ടിയിരുന്ന സ്ഥാനത്തു് നാം ഇപ്പോൾ കാണുന്ന ത്ു ഒരു ഗ്രന്ഥപാദരേഖം കാണാത്ത നാഗിലയെയാണ്. അയാൾ ആരെയാണോ മോക്ഷമാർഗ്ഗത്തിലേയ്ക്കു നയിയ്ക്കേ ണ്ടിയിരുന്നത്ു് അവൾ ഇപ്പോൾ അയാൾക്കു മോക്ഷമാർഗ്ഗ ത്തിലേയ്ക്കു വഴി ചൂണ്ടിക്കൊണ്ടു നില്ക്കുന്നു! ആരെയാണോ അയാൾ വിവാഹമുഹൂർത്തത്തിൽ കൈവിട്ടത്ു് അവൾ ഇപ്പോൾ അയാളെ പുനഃസമാഗമവേളയിൽ തീരെ ഉപേ

Digitized By Kerala Sahitya Akademi

ക്ഷിപ്പുകളയുന്നതാണ് കാണന്നതു്. ആകെ ഒരു കലാശക്കോട്ടു—വൈരുദ്ധ്യങ്ങളുടെ തികഞ്ഞ ഒരു കലാശക്കോട്ടു. ആ വൈരുദ്ധ്യങ്ങളാകട്ടെ തുലാസ്സിന്റെ രണ്ടു തട്ടുകളിലും ഒരേ കനത്തിൽ തൂങ്ങുന്നവയുമാണു്.

കാവ്യസംഭവങ്ങൾ അവയുടെ പ്രത്യേക പരിതഃസ്ഥിതികളിൽ അത്തരത്തിലല്ലാതെ മറ്റൊരു തരത്തിൽ നടക്കുകയില്ലെന്നു് ഒരു തോന്നലുണ്ടാകുമ്പോഴാണ് കാവ്യം കലാപരമായ പരമവിജയം പ്രാപിയ്ക്കുന്നതു്. നാഗിലയിൽ നടക്കുന്ന സംഭവങ്ങൾ വള്ളത്തോൾ വിചാരിച്ചിരുന്നെങ്കിൽപ്പോലും മറ്റൊരു തരത്തിൽ നടക്കുകയില്ലെന്നു വായനക്കാർ തലകുലുക്കി സമ്മതിച്ചുപോകും. അപരിഹാര്യമായ രീതിയിൽ കാവ്യസംഭവങ്ങൾ നടക്കുകതന്നെ വേണമെന്നുള്ളതിനെ വെളിപ്പെടുത്തുന്ന പ്രയോഗമാണ് ഇംഗ്ലീഷിലെ artistic inevitability. ഈ ഗുണത്തിൽ വള്ളത്തോളിന്റെ കൃതികളെ അതിശയിയ്ക്കുന്ന മലയാള കൃതികൾ ഇദാനീന്തനകാലത്തു അത്രയൊന്നും കാണമാനില്ല.

കവികളുടെ വർണ്ണനാപാടവത്തെച്ചൊല്ലി നെടുനെടുങ്കൻ ആസ്വാദനങ്ങൾ എഴുതിവിടുന്നതു് ചിലരുടെ ഒരു വിനോദമാണു്. ഇതൊരു തൊഴിലില്ലായ്മയാണെന്നു പറയാതെ തരമില്ല. ഒരു വേള ദണ്ഡിയുടെ "നഗരാർണ്ണവശൈലർത്ത്വാ"ദി നിബന്ധനയല്ലേ നമ്മുടെ മഹാകവികളെപ്പോലും കുഴപ്പത്തിൽ ചാടിച്ചിട്ടുള്ളതെന്നു സംശയിക്കേണ്ടിയിരിക്കുന്നു. "ചിലതൊക്കെ ആകാം." എന്നു പറയുമ്പോൾ, അതൊക്കെ ആയിക്കൊള്ളണം, എന്നു്

Digitized By Kerala Sahitya Akademi

നിർബന്ധിക്കുന്നതായി ധരിക്കുന്ന ഒരു പ്രകൃതംമൂലം കവികഠം ബുദ്ധിയെ പാടേ തെററിദ്ധരിച്ചെന്നാണ് തോന്നുന്നതു്. അതിലധികം ആപത്തൊന്നും നിരൂപകന്മാർക്കും പററിയിട്ടില്ലെന്നു സമ്മതിക്കണം. വാസ്തവത്തിൽ വെറും വർണ്ണനയ്ക്കു് കവിതയിൽ പറയത്തക്ക സ്ഥാനമൊന്നുമില്ല എന്നാണു് മനസ്സിലാക്കേണ്ടുള്ളതു്. ഇതു് ശരിയ്ക്കു മനസ്സിലാക്കിയ കവി വള്ളത്തോളാണ്, അദ്ദേഹം അതു് 'നാഗില'യിലൂടെ പരമാവധി വെളിപ്പെടുത്തുകയും ചെയ്തു.

നാഗിലയിൽ ആദ്യന്തം ചികഞ്ഞുനോക്കിയാൽ ഒരൊററ "വർണ്ണന" കാണുകയില്ല. നായികാവർണ്ണനകളിലാണല്ലൊ കവികഠം പൊതുവേ കിടന്നു കുത്തിമറിയാറുള്ളതു്. ഇവിടെ നായികയുടെ സൌന്ദര്യം വെളിപ്പെടുത്താൻ കവി ആദ്യം ഒന്നുരണ്ടു വാക്കുകഠ മാത്രമേ പ്രയോഗിക്കുന്നുള്ളു.

"നിലയത്തിലിവൻ നവോഢയാകും
കുലകന്യയ്ക്കണിമേക്കയായിരുന്നു —
അലർസായകചാപയഷ്ടിയിന്മേൽ
ചില ചായപ്പണി ചെയ്തയായിരുന്നു."

ഇതിൽ നാഗിലയുടെ സൌന്ദര്യം അത്യന്തം ആകർഷകമാണെന്നു തോന്നിക്കുന്ന ഒരൊററപ്രയോഗമേയുള്ളു. അതാണ് "അലർസായകചാപയഷ്ടി". ആ യഷ്ടി എങ്ങിനെയിരിക്കുമെന്നു ഭാവനയിൽ കണ്ടറിയാനുള്ള നിങ്ങളുടെ കഴിവിനെപ്പററി കവിയ്ക്കു് ലേശം സംശയമില്ല.

Digitized By Kerala Sahitya Akademi

പിന്നെ, അവളും "കുലകന്യ"യാണ്: പോരെങ്കിൽ ഒരു "നവോഢ"യും. നാഗിലയെപ്പററി അറിഞ്ഞിരിക്കേണ്ടതെല്ലാം അത്രയുംകൊണ്ടായില്ലേ? ഇല്ലെന്നാരും പറയുകയില്ല.

എന്നാൽ ഇവിടെ കലാപക്ഷത്തുനിന്നാണെങ്കിൽ ഒരു ചോദ്യത്തിനു വകയുണ്ട്.—കവി സ്വന്തം ആവശ്യത്തിനുവേണ്ടി നാഗിലയെ വർണ്ണിയ്ക്കുന്നുണ്ടോ? ഒരിക്കലുമില്ല, എന്നാണു അതിനു സമാധാനം. ഭവദത്തനു തന്റെ അനുജൻ കടന്നുപോകുമായിരുന്ന കടുത്ത ആപത്തിനെക്കുറിച്ചു തികഞ്ഞ ഭാഷയിൽ ഗുരുദേവനെ ചിലതൊക്കെ ധരിപ്പിക്കാനുണ്ട്. അവരുടെ സംഭാഷണം കേൾക്കാൻ കവി നിങ്ങളെക്കൂടി ക്ഷണിച്ചു എന്നു മാത്രം. അതിലൂടെ നിങ്ങൾ നാഗിലയെപ്പററി വേണ്ടതുപോലെയൊക്കെ ധരിക്കുന്നുണ്ടായിരിക്കാം. ഭവദേവന്റെ മനസ്സിലിരിക്കുന്ന നാഗിലയെപ്പററി ഭവദത്തൻ നല്കുന്ന ചിത്രമാണ് ആ ധാരണയ്ക്ക് ആധാരം. അതുകൊണ്ട് ഒരു സുന്ദരിയാണെന്നു വേണമെങ്കിൽ നിങ്ങൾക്കു സങ്കല്പിക്കാം; വേണ്ടെങ്കിൽ വേണ്ട. എന്തെന്നാൽ, ഒരു കാമുകന്റെ മനസ്സിലെ കാമുകി ഒരു വേള അത്ര സുന്ദരിയൊന്നുമല്ല എന്നും വരാം. ഇവിടെ കഥ അതാണെങ്കിൽ കവിക്കു അതിൽ ഉത്തരവാദിത്വമൊന്നുമില്ല. ഭവദേവനു അവളും അതിസുന്ദരിയാണെന്നു തോന്നിയിരുന്നു എന്നുള്ളതിൽ സംശയവുമില്ല. അതു കവിയുടെ ആവശ്യമല്ല. അയാളുടെ ആവശ്യമാണ്. സ്വന്തം ആവ-

Digitized By Kerala Sahitya Akademi

ശ്യമായിരുന്നെങ്കിൽ വള്ളത്തോടോ ഈഴവത്തിക്കെട്ടിയതോ, നിത്തിക്കെട്ടിയതോ, ആയ നായികയെ വർണ്ണിച്ച് കൃതാൎത്ഥനാകുമായിരുന്നു. പക്ഷെ കവിയുടെ സ്വന്തം ആവശ്യം കലയിലല്ല കാണിക്കേണ്ടതെന്ന് വള്ളത്തോളിനറിയാം. അതുകൊണ്ട് ഒരു "നായികാവർണ്ണന" നാഗിലയിൽ കാണുമാനില്ലെന്നു വന്നു.

മററൊരു തരത്തിൽ പറഞ്ഞാൽ ചിട്ടപ്പടി ഒരു വർണ്ണനയല്ല, ഭാവസ്ഫുരണമാണ് ഇവിടെ കവിയുടെ ലക്ഷ്യം. ഒന്നുരണ്ടു വാക്കുകൾകൊണ്ട് ഭവദേവന്റെയും, നാഗിലയുടേയും ഭാവം കാവ്യരസത്തിനുപററിയരീതിയിൽ സ്ഫുരിപ്പിക്കാൻ കഴിയുമെങ്കിൽ ഒരു അംഗപ്രത്യംഗവർണ്ണനയുടെ ആവശ്യംതന്നെ ഉണ്ടാകുന്നതല്ല. ആ കഴിവു കാണിയാകുന്നിടത്താണ് വർണ്ണനയെ ച്ചൊല്ലി കവിയെ പ്രശംസിക്കേണ്ടിവരുന്നത്. ഒരാളിന്റെ സൗന്ദര്യമോ വൈരൂപ്യമോ മുഴുവൻ വെളിപ്പെടുത്താൻ "അലർസായകചാപയഷ്ടി" എന്നതുപോലുള്ള ഏതെങ്കിലും ഒരൊററപ്രയോഗം മതിയാകും. അതു് സജീവമായി കാണത്തക്ക സന്ദർഭത്തിലും രീതിയിലും പ്രയോഗിക്കപ്പെടണമെന്നുമാത്രമേയുള്ളു. ആ സ്വച്ഛന്ദതയാണ് കാവ്യത്തിൽ കലയുടെ ജീവൻ. നേരേമറിച്ചു മനഃപൂർവ്വം ഒരു കേശാദിപാദവർണ്ണനയ്ക്കുവേണ്ടി കാവ്യത്തിന്റെ സ്വാഭാവികഗതിയിൽ ആവശ്യമില്ലാത്ത വർണ്ണനയ്ക്കു മുതിരുമ്പോൾ ആ ഈഴവത്തിക്കെട്ടിയ രൂപംപോലെ നിർജ്ജീവവും, അയഥാൎത്ഥവുമായിക്കാ

Digitized By Kerala Sahitya Akademi

ശിക്കുന്നതിനും വേണ്ടുവോളം ഉദാഹരണങ്ങൾ ആധുനിക മലയാളത്തിലെ മഹാകവിസാഹിത്യത്തിൽ കണ്ടെത്തുവരും. കവിയുടെ ആവശ്യമല്ല കാവ്യത്തിൻെറ ആവശ്യമെന്നറിയാത്ത മഹാകവികളും അടുത്തകാലത്തു നമുക്കുണ്ടെന്നു സാരം.

മേൽപ്പറഞ്ഞ ഭാവസ്ഫുരണത്തിനു മറെറാരു നീകത്ത ഉദാഹരണമാണ് ധ്യാനത്തിലിരിക്കുന്ന ഭവദേവൻ കാണുന്ന നാഗിലയുടെ സ്വരൂപം. വേറൊരു കവിയായിരുന്നെങ്കിൽ ഇതൊരു സ്വന്തം "നായികാവർണ്ണ"നയായി കാവ്യമുഖത്തുതന്നെ നിവേശിപ്പിക്കുമായിരുന്നു. പക്ഷെ വള്ളത്തോളിനു നാഗിലയിൽ അങ്ങിനെയൊരു പ്രത്യേക നായികാവതാരണത്തിൻെറ ആവശ്യംതന്നെ തോന്നിയിട്ടില്ല. അതേസമയം വർണ്ണനാത്മകമായ ഒരു നായികാവതാരണം നടക്കുന്നില്ലെന്നു പറയാനും വയ്യ. പക്ഷെ അതു ഭവദേവൻെറ ആവശ്യമാണ്; അഥവാ അയാളുടെ വിപ്രലംഭത്തിൻെറ ഭാവതീവ്രതയുടെ പ്രകാശനമാണ്. ലഘാത്മ നാഗിലയുമായി അതിനുള്ള ബന്ധം എന്തുതന്നെയായാലും ഇവിടെ അതൊരു കാര്യമല്ല. കഥാഗതിയിൽ ഭവദേവൻെറ മുന്നിൽ ഒരു നാഗില അവതരിക്കുകതന്നെ ചെയ്യും. അങ്ങിനെ സംഭവിച്ചില്ലെങ്കിൽ അതായിരിക്കും ഏററവും വലിയ അനൗചിത്യമെന്ന നിലയിലാണ് കാവ്യസന്ദർഭം താനേ വന്നുകൂടിയിരിക്കുന്നത്. അതിനു കാരണമെന്ത് എന്ന ചോദ്യത്തിനു ഭവദേവൻ "ദയിതെ

Digitized By Kerala Sahitya Akademi

കചിത്തൻ'' എന്നു കവിതന്നെ ഒന്നാംതരം ഒരു വിശേഷണംകൊണ്ടു സമാധാനവും നല്കുന്നുണ്ട്.

ധ്യാനത്തിന്റെ സ്വഭാവം എന്തെന്നു മനഃശാസ്ത്രപ്രകാരം വെളിപ്പെടുത്താനുംകൂടി കവി ഇവിടെ ശ്രമിച്ചിട്ടുണ്ടോ? ഉണ്ടെങ്കിലും ഇല്ലെങ്കിലും അതും അത്ര സ്വാഭാവികമായി, സ്വച്ഛന്ദമായി, വെളിപ്പെട്ടതുപോലെ തോന്നാതിരിക്കയില്ല. നാം ഈശ്വരധ്യാനത്തിൽ ഏർപ്പെട്ടപ്പോൾ വാസ്തവത്തിൽ ധ്യാനിക്കുന്നതു് ഏററവും അഭിനിവേശം തോന്നിക്കുന്ന മററു വല്ലതിനേയുമായിരിക്കും. ധ്യാനമൂർത്തിയെ കാണുന്ന ആ അഭിനിവേശത്തെയോ അതിന്റെ പ്രതീകങ്ങളെയോ അപ്പോൾ കണ്ടെന്നു വരികയും ചെയ്യും. തന്നിമിത്തം സാധാരണക്കാരുടെ ധ്യാനമൊക്കെ വെറും ഇഷ്ടവസ്തുവിനെപ്പററിയുള്ള വിചാരം മാത്രമായിട്ടാണ് കലാശിക്കുക. ദേവദേവനെ പററിയതും ഇതുതന്നെയാണ്. എങ്കിലും ഇതൊന്നും പ്രസംഗിച്ചു മനുഷ്യരെ ബുദ്ധിമുട്ടിക്കാനുള്ള വെമ്പലൊന്നും നാഗിലയിൽ കവി കാണിക്കുന്നില്ല. അതേസമയം വേണമെന്നുള്ളവക്കു് തങ്ങളുടെ ധ്യാനത്തിൽ പററുന്ന അമളികളെപ്പററി അറിഞ്ഞിരിക്കാനുള്ള വഴി ദേവദേവന്റെ ധ്യാനത്തിൽ ഇല്ലാതെയുമല്ല. ഉദ്ബോധിപ്പിക്കുന്നതിനും ഉപദേശിക്കുന്നതിനും പകരം അനുഭൂതിവിഷയമാക്കിക്കൊടുക്കുന്നതാണ് കല.

ഇതുവരെയും നാഗിലയെ ആകെയൊന്നു അവതരിപ്പിക്കാമെന്നു കവിക്കു തോന്നിയിട്ടില്ല. ആദ്യം ദേവദേ

Digitized By Kerala Sahitya Akademi

ത്തനിൽനിന്നു് നാം അവളെ കേട്ടറിയുന്നുണ്ട്. അനന്തരം ആ നവോഢയായ അലർസായകചാപയഷ്ടി കണ്ണീർക്കയത്തിലാണ്ടുപോകുന്ന കാഴ്ച നാം അല്പമായൊന്നു കാണാതിരിക്കുന്നില്ല. പിന്നെ കാണുന്നതു് ഭവദേവൻെറ മനോദർപ്പണത്തിലെ ആ ഛായയെയാണു്, നാഗിലയെയല്ല. ചരുക്കത്തിൽ അന്തിമമുഹൂർത്തത്തിൽ നായകസമാഗമം ഉണ്ടാകുന്നതുവരെ നായിക മറഞ്ഞുതന്നെ നില്ക്കുന്ന ഒരു കാവ്യമാണ് നാഗില. എന്നാൽപ്പോലും ആക്കും അതിനെപ്പററി പരാതിയ്ക്കു വകയുള്ളതായി ഇതുവരെ കേട്ടിട്ടില്ല. പ്രത്യക്ഷത്തിൽ ഇല്ലാത്ത അവളുടെ ജീവചൈതന്യം കാവ്യത്തിൽ ആദ്യന്തം തുടിക്കുമ്പോഠം അവളെ കാണാത്തതിനെപ്പററി പരാതിപ്പെടാൻ നേരമില്ലെന്നുള്ളതാണു പരമാത്ഥം. ഇതുവരെ പറഞ്ഞ ഭാവങ്ങഠമാത്രമല്ല, കഥാപാത്രങ്ങഠതന്നെയും കവിയുടെ വാക്കുകളെ അത്രവളരെ ആശ്രയിക്കാതെ വിചാരമാത്രത്താലുള്ള സൃഷ്ടികളെന്നപോലെ താനേ ഉരുക്കൊണ്ടു കാണുന്നതു് വള്ളത്തോളിൻെറ കവിതയിലാണ്. മററെതെങ്കിലും കവി നാഗിലയെപ്പോലെ അത്ര അസാധാരണമായ ഒരു പരീക്ഷണം നടത്തി വിജയിച്ചിട്ടുണ്ടെന്നു തീർത്തുപറയാൻവയ്യ. കണ്ടമാനം വാക്കുകഠ വഷിച്ചു് കഥാപാത്രങ്ങളെയെന്നല്ല, കഥയെതിനെയെല്ലാം, അവയുടെ പ്രളയത്തിൽ മുക്കിക്കളയുന്നതിൽനിന്നു എത്രയോ ഭിന്നമാണു് ഇത്തരം കല!

നാഗില ഒരു മാനസികപരിവത്തനത്തിൻെറ കഥയാണെന്നു പറയുന്ന അതേ ശ്വാസത്തിൽത്തന്നെ പരി

Digitized By Kerala Sahitya Akademi

വർത്തനപരാങ്മുഖതയുടേയും കഥയാണെന്നു പറയേണ്ടി യിരിക്കുന്നു. കഥാനായികയുടെ പരിവർത്തനത്തെപ്പററി സംശയിക്കാനില്ല. നായകൻെറ പരിവർത്തനവിമുഖത യേപ്പററിയുമില്ല സംശയം. കവി ഇതു രണ്ടും കണ്ടുകൊ ണ്ടായിരിക്കാം കാവ്യം രചിച്ചതു്. അഥവാ കഥാഗതി കൊണ്ടു് അനുമാനിക്കേണ്ടതു ഭവദേവനു പററിയ അ മളി വെളിപ്പെടുത്തുകയായിരുന്നു അദ്ദേഹത്തിൻെറ ല ക്ഷ്യം എന്നാണെന്നു വരാം. അങ്ങനെയാണെങ്കിൽ അ യാളുടെ പരിവർത്തനപരാജയത്തെപ്പററിയാണ് ആദ്യം ചിന്തിയ്ക്കേണ്ടതു്.

അതിൽത്തന്നെയുമുണ്ട് ഒരു പരഭാഗം. ഭവദേവ ൻെറ ജ്യേഷ്ഠൻ ഭവദത്തൻ ആരുടേയും പ്രേരണകൂടാതെ മോക്ഷകാംക്ഷിയായി ലോകം ഉപേക്ഷിച്ചവനാണ്. താൻ നന്നാകണമെന്നുമാത്രമല്ല, തൻെറ അനുജൻകൂടി നന്നായേ മതിയാവൂ എന്നാണ് അയാളുടെ നിർബ്ബന്ധം. നേരേ മറിച്ചാണ് ഭവദേവൻ. അയാളുടെ പേരുതന്നെ സംസാരത്തെ ആരാധിയ്ക്കുന്നവനാണ് അതിൻെറ ഉടമ സ്ഥനെന്നു തോന്നിയ്ക്കുന്നു. തൈത്തിരീയത്തിലെ മാതൃ ദേവൻ, പിതൃദേവൻ, ആചാര്യദേവൻ, അതിഥിദേവൻ തുടങ്ങിയ ശബ്ദങ്ങൾപോലെയല്ലേ ആ ഭവദേവശബ്ദവും? മോക്ഷത്തിലേയ്ക്കു കയറിട്ടു കെട്ടിവലിച്ചാലും അയാൾ പോവുകയില്ല. തനിയ്ക്കു ബന്ധമോക്ഷമില്ലെന്നു അയാൾ തന്നെ നിലവിളിയ്ക്കുകയും ചെയ്യുന്നു.

ഒരു ഗുരുവിൻേറയും, അത്രതന്നെ ഭക്തി കാണിയ്ക്കു ന്ന ശുഭകാംക്ഷിയായ ജ്യേഷ്ഠൻേറയും സദാചാര്യത്തിൽ

Digitized By Kerala Sahitya Akademi

ഭവദേവൻ എട്ടു വർഷം കഴിഞ്ഞുകൂടി. അതുകൊണ്ടും അയാൾക്ക് ഒരു മാററവും ഉണ്ടായില്ല. കവി അതു് എടുത്തെടുത്തു പറയുന്നുമുണ്ടു്. ഒടുവിൽ, ഭവദേവൻെറ വിഷയവ്യാപാരത്തിൽ ചെല്ലാത്ത "കലാഭഗവാൻെറ കൈ" ഭവദത്തൻെറ ജീവിതത്തുവിൽ പതിയ്ക്കുകതന്നെ ചെയ്തു. അയാൾ മരിച്ചു. അതു സംഭവിയ്ക്കാത്ത താമസം, ഭവദേവൻ കെട്ടു പൊട്ടിച്ചുകൊണ്ടു നാട്ടിലേയ്ക്കു ഒരോട്ടമാണു്. ആ ജ്യേഷ്ഠാനുജന്മാർ തമ്മിലുള്ള വ്യത്യാസം! പരഭാഗസൃഷ്ടിയിൽ വള്ളത്തോളിനുള്ള പാടവം ഇതുകൊണ്ടും ഏററവും പൂർത്തിയായി വെളിപ്പെട്ടെന്നു വിചാരിയ്ക്കാനില്ല താനും.

ററിതമായ മാർഗ്ഗത്തിൽ ചരിയ്ക്കുന്നതിനുവേണ്ടി വെറും കായികമായ നിഷ്ഠയോടുകൂടി വർത്തിയ്ക്കുന്നവർ പോലും വഴി തെററാൻ ഭാവിയ്ക്കുമ്പോൾ മററുള്ളവരിൽ നിന്നോ, ചുററുപാടിൽനിന്നോ തെററാത്ത ചില നിമിത്തവാക്കുകളോ, സൂചനകളോ ഉണ്ടായെന്നുവരാം. മരവിയ്ക്കാത്ത അന്തഃകരണം ഇക്കാലത്തും ചിലർക്കുണ്ടെന്നു വേണം പറയാൻ. അവർക്ക് മാർഗ്ഗഭ്രംശം പററുന്നതിനെപ്പററി സൂചന നല്കുന്നതു് ആ അന്തഃകരണംതന്നെയായിരിയ്ക്കുകയും ചെയ്യും. ഭവദേവൻ ഭാഗീരഥീതീരത്തെത്തിയപ്പോൾ അയാളുടെ അന്തഃകരണത്തിൻെറ സ്ഥാനത്തു കവി പ്രതിഷ്ഠിച്ചതു് ആ പാവനനദിയെത്തന്നെയാണു്.

"നമോസ്തു ഭാഗീരഥി! ഭാവുകപ്രദേ!
നമോസ്തു തേ ഭാരതജീവനാഡികേ!

Digitized By Kerala Sahitya Akademi

അമോഘഗിരെന്തൊരാംചെയ്തുത്മയി–
സ്സമോഹനോർമ്മിസ്പന്ദമർമ്മരങ്ങളാൽ?
അരികതമാമവ്യയവിശ്രമാസ്പദം
ശരിയ്ക്കു പൂകുന്ന വഴിയ്ക്കിറങ്ങിയാൽ
ഒരിയ്ക്കലും ജന്മപദത്തിലേയ്ക്കു പിൻ–
തിരിയ്ക്കയില്ലെന്നുടെ കൂട്ടരെന്നതോ?" ·

ഈ ശ്ലോകങ്ങൾ പട്ടം ചെത്തിമിനുക്കിയ രത്നങ്ങൾ പോലെ ഒളിചിന്നുന്നവയാണെന്നു പറയുമ്പോൾ മററു ശ്ലോകങ്ങളെപ്പററി മറെറന്തു പറയാനുണ്ടെന്നു ചോദ്യം വരും. അതിനാൽ അതു പോകട്ടെ. അവയിലൂടെ കണ്ണോടിച്ചുപോകുമ്പോൾ കീററ്സിനെയും ഷെല്ലിയേയും താരതമ്യപ്പെടുത്തിക്കൊണ്ടു് ജെറാൾഡ് ബുള്ളററ് അദ്ദേഹത്തിൻെറ ഇംഗ്ലീഷ് സാഹിത്യചരിത്രത്തിൽ എഴുതിയ രണ്ടു വാക്യമാണ് ഓർമ്മ വരുന്നതു്. അദ്ദേഹം പറയുന്നു: Keats was a greater artist than Shelley and in temperament and habit of mind, nearer to Shakespeare................While no less spiritually alert than Shelley, he had not Shelley's passion for high abstractions." മലയാളത്തിൽ വള്ളത്തോളിൻെറയും ആശാൻെറയും കാവ്യങ്ങൾ പരിശോധിച്ചാൽ അവരെപ്പററിയും ഇതുതന്നെ പറയാൻ കഴിയുമെന്നു കാണാം. ആത്മീയമായി ഒട്ടും ഉണർവു കുറവില്ലാത്ത വള്ളത്തോൾ കാവ്യകലയിൽ ആധുനികകവികളെ പൊതുവേ തന്നെ അധഃകരിയ്ക്കുന്നുണ്ടെന്നു നാഗിലയും വിശേഷിച്ചു മേലുദ്ധരിച്ച പദ്യങ്ങളും വെളിപ്പെടുത്തും. ഇവിടെ

Digitized By Kerala Sahitya Akademi

ഭവദേവന് അന്തഃകരണം എന്നൊന്നുണ്ടെങ്കിൽ, നദിയുടെ ഉൽക്കടം ചോദിച്ച ചോദ്യം അതു ചോദിക്കാതിരിക്കയില്ല. ആ സൗന്ദര്യവും നദിയുടെ ദിവ്യത്വവും, ഭാരതത്തിന്റെ ജീവനാഡിയെന്ന നിലയിലുള്ള കിടപ്പും എല്ലാംകൂടി ആലോചിക്കുമ്പോൾ, കവിയുടെ കലാനിപുണതയാണോ, ഭാവമോ, ആത്മീയപ്രബുദ്ധതയാണോ കൂടതൽ പ്രകാശിക്കുന്നതെന്നു തീരുമാനിക്കുക പ്രയാസമാണ്. പക്ഷെ ആത്മീയപ്രബുദ്ധത കാണിക്കാൻ ഒരു കവിയും പ്രത്യേകിച്ച് പാട്ടുംപാടി നടക്കേണ്ട കാര്യമൊന്നുമില്ല. തന്റെ സന്ദർഭം കിട്ടുമ്പോൾ തക്ക അളവിലും രൂപത്തിലും അതൊക്കെ വന്നുചേർന്നുകൊള്ളുമെന്ന് വള്ളത്തോളിനു നല്ല നിശ്ചയമുണ്ട്. ഉത്തമകലാകാരന്മാരുടെ ലക്ഷണം മറ്റൊന്നല്ലതാനും.

ഭവദേവനു ഒരു അന്തഃകരണം ഉണ്ടായിരുന്നു എന്നും, അതു കേവലം നിർജ്ജീവമായിരുന്നില്ലെന്നും അയാൾക്കുണ്ടായ "അനല്പമാം ലജ്ജ" വെളിപ്പെടുത്തുന്നുണ്ട്. പക്ഷെ അപ്പോഴും അയാൾ ഏഷണാബലത്തിനു വിധേയനാണ്. അതിനെ ജയിക്കാൻ ആ ലജ്ജയ്ക്കു പറയത്തക്ക കഴിവുണ്ടായിരിക്കാനിടയില്ല. പിന്നത്തെ ഉറക്കവും ഉണർച്ചയും മററും നമുക്കറിയാം. അവിടെ കാണുന്നത് ഭവദേവനു തികഞ്ഞ പരഭാഗമായി നിവേശിപ്പിക്കപ്പെട്ടിരിക്കുന്ന നാഗിലയെത്തന്നെയാണ്. സകലവും കൈവിട്ടുകഴിഞ്ഞിരിക്കുന്ന അവളോട് അപ്പോഴും ആ മുഗ്ദ്ധചിത്തനു പറയാനുള്ളത്

Digitized By Kerala Sahitya Akademi

"നാമുക്ക ഗാർഹസ്ഥ്യവഴിയ്ക്കു നേടിടാം
വിമുക്തിയെക്കാളുമഖണ്ഡമാംസുഖം,"

എന്നാണ്. കണ്ടാലും പഠിക്കാത്തവൻ കൊണ്ടാലും പഠിക്കുകയില്ലെന്ന മട്ടിലാണ് അയാളുടെ നില. ഒടുവിൽ നാഗില ബുദ്ധകഥയെല്ലാം അനുസ്മരിപ്പിച്ചുകൊണ്ടു് വന്നവഴിക്കു തിരിച്ചുപോകാൻ സൌമ്യമെങ്കിലും ദൃഢമായ സ്വരത്തിൽ ഉപദേശിച്ചിട്ടു് അവളുടെ പാട്ടിനു പോയിക്കഴിയുമ്പോഴും ഭവദേവൻ അതുകൊണ്ടു ഗുണപ്പെട്ടെന്നു പറയാൻ വഴിയില്ലാത്ത വിധത്തിലാണ് കാവ്യം അവസാനിക്കുന്നതു്. അതിലധികമൊന്നും നമുക്കു അയാളെപ്പററി അന്വേഷിക്കേണ്ട കർത്തവ്യവുമില്ല.

ഈ വിചിത്രമായ ഭവദേവപ്രകൃതത്തിനൊരേ വിരുദ്ധമാണ് നാഗിലയുടെ പ്രകൃതം. കാവ്യോദ്ഘാതത്തിൽ അവളെ ഒരു വെറും വധുവായിട്ടു മാത്രമേ നാം കാണുന്നുള്ളു. ഉത്തരക്ഷണത്തിൽ അവൾ വികൃതയായി ആശരണയായി കലാശിക്കുന്നു. പിന്നത്തെ പന്ത്രണ്ടാണ്ടിനിടയ്ക്കു് അവളിൽ എന്തെല്ലാം മാററം വന്നിരിയ്ക്കാം? ആ സന്ദർഭത്തു വന്നപ്പോഴും കവി അനുവാചകമായ മട്ടിൽ ഒരു സൂചന നല്കുന്നതു നോക്കുക.

"ഒന്നിച്ചുതാനിതിനിടയ്ക്കൊരുപാടുമാററം
വന്നിങ്ങു ലോകനിലയെത്ര പകന്നിരിയ്ക്കാം."

അതു ശരിയാണെന്നു് ആരും തലകുലുക്കി സമ്മതിയ്ക്കും. നാഗിലയിലും സമാധിയിലിരിയ്ക്കുന്ന പുഴ ചിറകുവെച്ച് അനന്തവിഹായസ്സിലേയ്ക്കു പറക്കുന്ന മനോഹര

ശലഭമായി മാറുന്ന വമ്പിച്ച മാററം "ഒന്നിച്ചുതാൻ" സംഭവിച്ചുകഴിഞ്ഞിരിയ്ക്കുന്നു. ആ "ഒന്നിച്ചുതാൻ" എന്ന പ്രയോഗം നാഗിലയുടെ പരിവൎത്തനത്തിലേയ്ക്കു് ആനയിയ്ക്കുമ്പോഠം അതിനുള്ള അൎത്ഥവും ശക്തിയും വാക്കുകഠംക്കു് അതീതമാണെന്നു തോന്നിപ്പോകുന്നു. ഏതായാലും അവളുടെ ഒന്നിച്ചുള്ള പരിവൎത്തനത്തെ ഒരു വാസവദത്തയുടെ പരിവൎത്തനത്തെയെന്നപോലെ ഇന്നാരെ ആരും ചോദ്യംചെയ്തിട്ടില്ല; അതിൻെറ ആവശ്യവുമില്ല. എന്തെന്നാൽ ആ പരിവൎത്തനം കായികമായ വിശസന പരിപാടികഠം മുറയ്ക്കു പ്രയോഗിച്ചു് ഒരുവളെ പ്രജ്ഞാശൂന്യയാക്കിയതിൻെറ ഫലമല്ല; അനാൎയയായ ഒരുവളിൽ ഒരു സന്ന്യാസി മയക്കുപണികഠം ചെയ്തുകൊണ്ടു് ഉണ്ടായതല്ല. കവിയുടെ ആവശ്യത്തിനുവേണ്ടി കഥാപാത്രം വഴങ്ങിക്കൊടുത്തതുകൊണ്ടു് അനൈസൎഗ്ഗികമോ അനപേക്ഷിതമോ ആയി സംഭവിച്ചതല്ല; അഥവാ അതു കായികമല്ല, ബാഹ്യപ്രേരണയാൽ മരണനിമിഷത്തിൽ ഉണ്ടായതല്ല, ആ പ്രേരണയുടെ ഓൎമ്മ മാറുമ്പോഠം ആകെ തകിടം മറിഞ്ഞുപോകാനിടയുണ്ടെന്നു് തോന്നിയ്ക്കുന്നതുമല്ല. ചുരുക്കത്തിൽ നാഗിലയുടെ പരിവൎത്തനം കവിയുടെ ആവശ്യമല്ല; അവളുടെ സ്വന്തം ആവശ്യമാണു്. നല്ല ആരോഗ്യമുള്ളപ്പോഠം, തലയ്ക്കു നല്ല വെളിവുള്ളപ്പോഠം, സ്വതേ തോന്നി സ്വയം ഉണ്ടായതാണതു്. അൎഹതയില്ലാത്ത ഒരു ഭവദേവനു ഒരു ജ്യേഷ്ഠനും, ഒരു ഗുരുവും വേണ്ടപോലെ സകല പണികളും പയററിയിട്ടും ഒരു പ്രയോജ



Digitized By Kerala Sahitya Akademi

നവും ഉണ്ടായില്ല. അർഹരേയും അനർഹരേയും തിരിച്ചറിയാൻ വള്ളത്തോളിനു കഴിഞ്ഞെന്നുള്ളതു പോകട്ടെ, ആ ഭവദേവനു ഗ്രഹിക്കപ്പെടാനുള്ള സകല സാഹചര്യങ്ങളും ദൈവായത്തമെന്നപോലെ ഉണ്ടായിട്ടും അതൊന്നും ഫലപ്പെടുന്നില്ലെങ്കിൽ പിന്നെ കവി വിചാരിച്ചാൽ അയാളെങ്ങനെ ഗ്രഹിക്കപ്പെടാനാണ്? എന്നാൽ അതുപോലെ വേണ്ട സാഹചര്യം നാഗിലയ്ക്കു ലഭിച്ചതോടെ അവരം സ്വതേ അർഹയെന്ന നിലയിൽ അതിനെ ശരിക്കു പ്രയോജനപ്പെടുത്തി ഗ്രഹിക്കപ്പെട്ടപ്പോൾ അവളെങ്ങനെയാണ് കവി വിചാരിച്ചാൽ മറിച്ചാകുക? കവി മേക്കിട്ടുകയറി കഥാപാത്രങ്ങളെ ഗ്രഹിക്കപ്പെടുത്തുകയോ ദോഷപ്പെടുത്തുകയോ ചെയ്യുന്ന യാതൊരു ലക്ഷണവും നാഗിലയിൽ ഇല്ല. അവരാരും ജീവിക്കുന്നതു് കവിക്കു വേണ്ടിയല്ല; അവർക്കെല്ലാം കവിയിൽനിന്നു ഭിന്നമായി സ്വകീയമായ ഒരു ആത്മസത്തയുണ്ട്. അതാണ് കവിയുടെ സൃഷ്ടിവൈഭവം.

വള്ളത്തോൾ സ്വതേ ഒരു തികഞ്ഞ നേരംപോക്കുകാരനാണ്. "കള്ളന്റെ സമ്മാനം" "ത്രക്കമരത്തിൽവെച്ചും", "ശൂദ്രരിൽ ശൂദ്രൻ", എന്നിങ്ങനെയുള്ള കൃതികൾ അദ്ദേഹത്തിൽനിന്നാണ് ഉണ്ടായിട്ടുള്ളതു്. അദ്ദേഹത്തിൽനിന്നു നാഗിലയേപ്പോലെ ഒരു ഹാസ്യപ്രധാനമായ കൃതി ഉണ്ടായതിലും അസംഗതമായൊന്നുമില്ല. കഥാനായകൻ പാവപ്പെട്ട ഒരു ജ്യേഷ്ഠന്റെ പിന്നാലെ വേണ്ടാത്ത കാര്യത്തിനു പുറപ്പെടുക, അതും പാടില്ലാത്ത അനവസരത്തിലാക്കുക, ജ്യേഷ്ഠൻ മരിക്കുന്നതിനുവേണ്ടി കാത്തിരിക്കുക, താൻ കണ്ട നായിക എക്കാലത്തും അതേ

Digitized By Kerala Sahitya Akademi

പടിതന്നെയിരുന്നുകൊള്ളുമെന്നു കരുതുക, കടവിൽ ഓളമില്ല, ഇളക്കമില്ല, എന്ന മട്ടിൽ എന്തെന്നോ ഒരു മായിക — ഇതൊക്കെ നേരമ്പോക്കുകളാണ്. ജീവിതത്തിന്റെ അടിയറവരെ പരന്നിറങ്ങുന്ന കടുത്ത ചില നേരമ്പോക്കുകളാണെന്നേയുള്ളു. അതങ്ങനെതന്നെ വേണംതാനും. ഗൗരവമേറിയ ജീവിതാനുഭവങ്ങളെപ്പറ്റി ഒരു അനുഗ്രഹബുദ്ധിയോടെ മന്ദഹസിക്കാൻ കഴിയുന്ന കവി അവയ്ക്കെല്ലാം ഉപരിയാണെന്നാണ് ധരിക്കേണ്ടതു്. അവയെ ഗൗരവമുള്ള കാര്യങ്ങളായി അംഗീകരിക്കുന്നതാണ് അപകടം. ഈ വീക്ഷണമുള്ള കവികൾക്ക് കഥാപാത്രങ്ങളുടെ ജീവിതത്തിൽ പക്ഷം പിടിച്ച് കടന്നുകയറി അവരിലാരെയും വിശേഷിച്ച് ഗുണപ്പെടുത്തുകയോ ദോഷപ്പെടുത്തുകയോ ചെയ്യേണ്ട ആവശ്യം നേരിടുന്നതല്ല. നാഗിലയുടെ സ്വച്ഛതയ്ക്കും സ്വച്ഛന്ദതയ്ക്കും കാരണം കവിയുടെ ഈ അകൽച്ചയാണ്, നിസ്സംഗതയാണ്.

നാഗിലയിൽ വല്ലതും പ്രത്യേകിച്ച ഗ്രാഹ്യമായുണ്ടോ എന്നു ചോദിച്ചാൽ ഉണ്ടെന്നുതന്നെ പറയേണ്ടിവരും. ഒരുവന്റെ അഭിവൃദ്ധി അവനവനെത്തന്നെയാണ്, മററുള്ളവരെയോ, പരിതഃസ്ഥിതികളെയോ സമ്മർദ്ദത്തെയല്ല, ആശ്രയിച്ചിരിക്കുന്നതു്. ഭവദേവനിൽ ഒരു സമ്മർദ്ദവും ഫലിക്കാത്തപ്പോൾ നാഗിലയിൽ വിശേഷിച്ച് ഒരു സമ്മർദ്ദവും ചെലുത്താതെതന്നെ അവൾ ഉൽക്രമണം ചെയ്യുന്നതു് ഒരു കാഴ്ചയാണ്. പരിതഃസ്ഥിതിയുടെ സാമർത്ഥ്യം ഉണ്ടായിരുന്നു എന്ന് ഉടൻ ചിലർ ഇതിന

Digitized By Kerala Sahitya Akademi

-സമാധാനം പറഞ്ഞൊതുക്കും. അതു് ആലോചനയില്ലാത്തവരുടെ ഒരു ലക്ഷണമായിരിക്കുമെന്നേയുള്ളൂ. എന്തെന്നാൽ ആ വക സന്ദർഭങ്ങൾക്കു് എത്രയെങ്കിലും ശക്തിയുണ്ടെങ്കിൽ ഭവദേവൻ പണ്ടേ "ഭവനീരാഴി"യിൽ ആണ്ടുപോകാതെ തലയുയർത്തി നില്ക്കേണ്ടതായിരുന്നു. പക്ഷേ, ഇതു പഠിപ്പിക്കാൻ കവി തന്റെ കവിവേഷം അഴിച്ചുവച്ചിട്ടു് ഉപദേശിയോ, ശാസ്ത്രിയോ, സന്ദേശവാഹകനോ ആയി മാറുന്നില്ല. കവിയായി നിന്നുകൊണ്ടുതന്നെ അദ്ദേഹത്തിനു് ആ കാര്യം സാധിക്കാനുള്ള കഴിവുണ്ടു്. അതില്ലാത്തവരാണു് സ്വന്തവേഷം കളഞ്ഞു് മററു വേഷങ്ങൾ കെട്ടി ഒരു വക വ്യാജപ്പയററിൽ വിജയിച്ചരുളുന്നതു്.

**പി. ദാമോദരൻ പിള്ള**

Digitized By Kerala Sahitya Akademi

# നാഗില

## I

ഗുരുപാദർ വെടിഞ്ഞു മൌനം:—'ആരി-
ത്തരുണൻ ക്ലിപ്തവിവാഹനവ്യവേഷൻ?'
തിരുമുമ്പിൽ നമിച്ചു ശിഷ്യ, 'നിയ്യാ-
ളൊരു ദീക്ഷാവരനെൻകനിഷ്ഠനെ'ന്നാൻ. 1

---

1. ഒരു ബൌദ്ധപുരാണകഥാംശം: ചെറുപ്പത്തിൽത്തന്നെ ബൌദ്ധസന്യാസം എടുത്ത 'ഭവദത്തൻ' എന്നൊരാൾ ഒരിക്കൽ അനുജനായ ഭവദേവനെ തന്റെ ഗുരുവിന്റെ അരികത്തേക്കുകൊണ്ടുചെന്നു. അതു കണ്ടു ഗുരു ചോദിച്ചു. ക്ലിപ്ത......ഷൻ=പുതുതായണിഞ്ഞ വിവാഹവേഷമുള്ളവൻ: ദീക്ഷാവരൻ=ബൌദ്ധസന്യാസം ആവശ്യപ്പെടുന്നവൻ. ദീക്ഷകൊള്ളുന്നവൻ ഗുരുവിന്റെ അടുക്കൽ പത്തു കുറ്റത്തെപ്പററി എന്നെന്നേക്കുമായി പ്രതിജ്ഞ ചെയ്യണം: 1. അഹിംസ, 2. അദത്താഗ്രഹം (=തരാത്തതെടുക്കാതിരി

Digitized By Kerala Sahitya Akademi

അനുജാതനു മൈമ തരിച്ചു: താനി–
യനുരാഗാമൃതമാശു തട്ടിനീക്കി,
അനുവേലമതാതിടത്തു ഭൈക്ഷ്യ-
ത്തിനു പാഴ്ക്കുമ്പിളുമായ് നടക്കകെന്നോ! 2

'ഭവദേവ'നൊഴിഞ്ഞുമാറുമെന്ന-
ട്ടു?–വനെപ്പൂർവ്വജഭക്തി കീഴടക്കി!
സ്ഥവകാലഗൃഹീതബൌദ്ധദീക്ഷൻ
'ഭവദത്തൻ' ഗുരുവോടുണർത്തി വീണ്ടും:— 3

---

യ്ക്ക), 3. ബ്രഹ്മചര്യം, 4. അസത്യോക്തി (അതു ചെയ്യില്ലെന്ന്), 5. മദ്യവർജ്ജനം, 6. അകാലഭുക്തിവർജ്ജനം, 7. മാല്യഗന്ധദ്രവ്യവർജ്ജനം, 8. ഉച്ചശയനമഹാശയനവർജ്ജനം (ഉയരത്തും മേന്മയിലും കിടക്കാതിരിയ്ക്ക), 9. നൃത്യാദിദർശനവർജ്ജനം, 10. കനകരജതധാരണവർജ്ജനം (സ്വർണ്ണം വെള്ളി ഇവ ധരിയ്ക്കാതിരിയ്ക്ക) എന്നീ പത്തു കൂട്ടത്തിനു 'ദശശീലം' എന്നു പേർ.

2. അനുവേലം=കൂടെക്കൂടെ. ഭൈക്ഷ്യം=പിച്ചതെണ്ടി കിട്ടുന്നത്. അവളെ കളഞ്ഞു ഭിക്ഷയെടുക്കുകയോ! ജ്യേഷ്ഠൻ തന്നെക്കൊണ്ടു ദീക്ഷയെടുപ്പിപ്പാനാണ് ഇങ്ങോട്ടുകൊണ്ടുപോന്നതെന്നത് അയാൾ ഇപ്പോഴേ അറിഞ്ഞുള്ളൂ.

3. എന്നാൽ അയാൾക്ക ഇതിൽനിന്നൊഴിഞ്ഞുകൂടേ എ

Digitized By Kerala Sahitya Akademi

‘നിലയത്തിലിവൻ നവോഢയാകും
കുലകന്യയ്ക്കണി ചേർക്കയായിരുന്നു:—
മലർസായകചാപയഷ്ടിയിന്മേൽ-
ച്ചില ചായപ്പണി ചെയ്കയായിരുന്നു! 4

ഭവനത്തിലണഞ്ഞു ഞാൻ തദാനീ-
മിവനാ വാർത്തയറിഞ്ഞതോട്ടുകൂടി,
സവധൂസവിധത്തിൽനിന്നു പൂർവ്വോ-
ത്ഭവനെക്കണ്ടു തൊഴാൻ പുറത്തിറങ്ങി, 5

ഗൃഹസംഗതരായ കർമ്മഭംഗാ-
സഹർ ബന്ധുക്കൾ ബലാൽ വിലക്കിയാലും

---

ന്നതിന്നു പറയുന്നു: യുവ....ക്ഷൻ=യൌവനത്തിൽത്തന്നെ ദീക്ഷയെടുത്തവൻ. ഭവദേവൻ അനുജൻ; ഭവദത്തൻ ജ്യേഷ്ഠൻ.

4. നിലയം=ഗൃഹം. വിവാഹകർമ്മത്തിന്നുശേഷം വധുവിനെ വരൻ ചമയിക്കുക ആ വർഗ്ഗക്കാരുടെ ആചാരമാണ്. മലർ....ഷ്ടി=കാമദേവന്റെ വില്ല്—വധു.

5. 6. സവിധം=സമീപം. പൂർവ്വോത്ഭവൻ=ജ്യേഷ്ഠൻ. ഗൃഹസംഗതർ=വീട്ടിൽ വന്നു ചേർന്നവർ. കർമ്മ....ഹർ=കർമ്മത്തിന്നു (വധുവിനെ ചമയിക്കലിന്നു) വിഘ്നംവരുത്തുന്നതു പൊറുക്കാത്ത

Digitized By Kerala Sahitya Akademi

സഹസാ സമനുവ്രജിച്ചിതെന്നെ,-
സ്സഹജസ്നേഹഗുണാഭികർഷണത്താൽ. 6

ഉളതാം വിഷയച്ചെടിയ്ക്കു പൊറുൺ-
വളമേകം തൊഴിൽകൊണ്ടു തൻകരത്തിൽ
വളരെച്ചുളി പററിനില്പതിയ്യാം
കളയട്ടേ, ഗുരുപാദതീർത്ഥനീരാൽ!' 7

കരുണാർദ്രിതനായ് കനിഷ്ഠനോടും
ഗുരു ചോദിച്ചു—'യതിവ്രതേച്ഛുവോ നീ?'
ഒരുമട്ടവനുച്ചരിച്ചു, 'പാഴാ-
കരുതെന്നായ്യവചസ്സിതെന്നു മാത്രം! 8

---

വർ. സഹസാ=ഉടനെ. സമനുവ്രജിയ്ക്കു=പിന്നാലെ പോരുക. സഹ........ഞാൻ=സഹോദരസ്നേഹമാകുന്ന ഗുണം=(സൽസ്വഭാവം, കയർ) പിടിച്ചുവലിച്ചതുകൊണ്ടു്.

7. നവോഢയെ ഉളതാം വിഷയച്ചെടിയായും, വധുവെ ചമയിയ്ക്കലിനെ പൊൻവളമേകലായും അധ്യവസായം. ഗുരൂപദേശം വിഷയാസക്തിയെ കളയുമല്ലോ.

8. കരുണാർദ്രിതൻ=ദയകൊണ്ടലിഞ്ഞവൻ. യതി....ച്ഛു

Digitized By Kerala Sahitya Akademi

ഭവദത്തനു ചാരിതാർത്ഥ്യമായീ:
ഭവനീരാഴിയിലാഴ്‌വതിന്നു മുന്നേ
സ്വവരാനുജനെക്കരയ്ക്കു കേറാ-
നവനാഹന്ത, തരം ലഭിച്ചുവല്ലോ! 9

അരിയോരരുണാബ്ജവാപിയെന്നാ-
ത്തരിതീക്കണ്ടിലണഞ്ഞിറങ്ങുവോനെ
പരിചോടു പിടിച്ചു മാറ്റിയോൻതൻ
ശരിയാം നിർവൃതി തന്മുഖത്തു മിന്നി: 10

*  *  *  *

വടിവിൽസ്സുഖഭാഗ്യമാം ഗൃഹത്തിൻ
പടി കേറിബ്ഭവദേവനാം കുമാരൻ,

---

=സന്ന്യാസം ആഗ്രഹിക്കുന്നവൻ. ഭവദേവനുള്ള വൈമനസ്യം ഉത്തരാർദ്ധത്തിൽ നല്ലവണ്ണം വ്യക്തമാകുന്നു.

9. ചാരിതാർത്ഥ്യം=കൃതാർത്ഥത. ഭവനീരാഴി=സംസാരസമുദ്രം.

10. അരിയ—നല്ല. അരുണാ....പി=ചെന്താമരക്കുളം.

Digitized By Kerala Sahitya Akademi

ഝടിതി വ്രതഖേദജീർണ്ണദീക്ഷ-
ക്കുടിലുൾപ്പുക്കതിൽ വിസ്മയിച്ചു ലോകം! 11

ഉടൽ പാതിയറിഞ്ഞ പത്നിതൻ പൊൽ-
ക്കുടമൊക്കും മുലകൾക്കു, ദൈവയോഗാൽ,
സ്ഫുടമാം പ്രിയവിപ്രയോഗദുഃഖോൽ-
ക്കടബാഷ്പാവലിയായി, മുത്തുമാല്യം! 12

ശ്രീമത്താം ഗൃഹമോടു യാത്ര ചൊല്ലി, യാര്യ-
പ്രേമത്താലവനൊരു സാധുവായ് നടന്നു;
വൈമല്യം തിരളുമവന്റെ തീവ്രരാഗം
പാഴ്മഞ്ഞത്തുണിയിൽ മറഞ്ഞിരുന്നു നീണാൾ! 13

---

11. സുഖഭോഗ്യം=സുഖങ്ങൾ അനുഭവിക്കാവുന്നത്. ഗൃഹം=ഗൃഹസ്ഥാശ്രമം; ഭവനം എന്നും. ജീർണ്ണം=പഴകിയ. വിവാഹം കഴിഞ്ഞ ഉടനെ വ്രതാനുഷ്ഠാനക്ലേശം പെരുത്ത സന്ന്യാസമെടുത്തതിൽ ആശ്ചര്യപ്പെട്ടു.

12. പ്രിയ....വലി=ഭർത്തൃവിയോഗത്താൽ ഇടവിടാതെ ഒഴുകുന്ന കണ്ണുനീർത്തുള്ളികൾ.

13. ആര്യപ്രേമം=ജ്യേഷ്ഠസ്നേഹം. സാധു=സന്ന്യാസി; പാവം എന്നും. വൈമല്യം തിരളും=നിർമ്മലമായ.

Digitized By Kerala Sahitya Akademi

## II

മുട്ടാതതാതു ദിശി ചുററിയയാറം കടന്നി-
തെട്ടാണ്ടു,യാളുടെ കണാക്കിലൊരെട്ട കല്പാ:—
കെട്ടാറിയില്ല വിഷയവ്യസനാം തരിമ്പും:
തൊട്ടാൽ ഭവപ്പശയകത്തിഴകിപ്പിടിയ്ക്കും! 1

കനിച്ചതാനിതിനിടയ്ക്കൊരുപാടു മാറാം
വന്നിങ്ങു ലോകനിലയെത്ര പകന്നിരിയ്ക്കാം;
കനിച്ചരാഗമിവനപ്പടിതന്നെയിന്നും;
ചെന്നില്ല കാലഭഗവാനുടെ കയ്യതിന്മേൽ! 2

'എന്നാളുമേ തൊടുകയില്ലിനി ഞാൻ സുവർണ്ണ-'
മെന്നാം പ്രതിജ്ഞ, 'ദശശില'പരിഗ്രഹത്തിൽ;

---

1. വിഷയവ്യസനം=വിഷയത്തിലുള്ള ആസക്തി. ഭവപ്പശം=സംസാരമാകുന്ന പശ. ഭവദേവൻ അതിനെ തൊട്ടതേ ഉള്ളുവല്ലോ.

3. 'ദശശീലം'—ആദ്യത്തെ ശ്ലോകത്തിലെ ടിപ്പണി നോ

എന്നാൽത്തുലോമപടുവിജ്ജിനയോഗി,നെഞ്ചിൽ -
നിന്നാ സ്വകാന്തയുടെ പൊന്നുടൽ നീക്കിവെപ്പാൻ.

ധ്യാനക്രിയയ്ക്കു മുറപോലെയിവൻ വിവിക്ത-
സ്ഥാനത്തിരിപ്പളവടച്ചു മിഴിയ്ക്കു മുന്നിൽ,
ആനന്ദകന്ദമൊരു രൂപമുദിച്ചു കാണാം
പീനസ്തനാവനതമർദ്ധവിഭൂഷിതാംഗം: 4

നൽക്കാരകിൽപ്പുക പുണർന്ന കരിംകുഴൽക്കെ-
ട്ടു,ക്കാറിനത്തിലലരാം ചില താരകങ്ങൾ,
മുക്കാലുമാർദ്രത വിടാത്തൊരരക്കുചാറായ്-
പ്പൊൽക്കാലടിത്തളിരിലോലുമൊളിക്കുഴമ്പും, 5

---

ക്ക. അപടു=അശക്തൻ. ജിനയോഗി=ബുദ്ധസന്ന്യാസി.

4. വിവിക്തസ്ഥാനം=വിജനസ്ഥലം. ആനന്ദകന്ദം=ആനന്ദത്തിന്നു കാരണം. പീന........തം=തടിച്ച സ്തനങ്ങളെക്കൊണ്ടു തെല്ലു കുനിഞ്ഞതു്. അർദ്ധ..........താംഗം=പകുതിയണിഞ്ഞ ശരീരം.

5. ആർദ്രത=നനവു്. അരക്കുചാറായിക്കാണുന്നതു, കാലടികളുടെ ഒളിക്കുഴമ്പുതന്നെയാണു്. സ്ത്രീകാം, മുടിയിൽ കാരകിൽ

ഫാലത്തിലമ്പിളിമുറിക്കുറി—യല്ല, കുന്ത–
ളാലംബിയാം സ്മരഭടന്റെ കുലച്ച ചാപം,
ഓലക്കമൊണ്ട കവിളത്തനുരക്തിചേടി–
യാലക്ഷ്യമാക്കിയൊരകൃത്രിമകുങ്കുമാങ്കം, ൬

ഭൃംഗസ്ഫുരന്മഷി മുകർന്ന ദൃഗബ്ജപത്രം,
മംഗല്യകച്ചരട മാത്രമിയന്ന കണ്ഠം,
തുംഗസ്തനത്തിൽ നവചന്ദനചർച്ച, കാഞ്ചീ–
സംഗപ്രഭോദയമട്ടത്ത നിതംബബിംബം, ൭

ഉണ്ടാം നിനക്കുമുടനെന്നു വളക്കിലുക്കം–
കൊണ്ടാ വലംകരമൊടോതുമിടത്തുകയ്യും—

---

പ്പുകയേല്പിയ്ക്കു, കാലിൽ അരക്കുചാറു പൂശുക എന്നിതെല്ലാം ന്യ പതിവായിരുന്നു.

6. കുന്തളാലംബി=കുറുനിരകളെ ആശ്രയിച്ചിരിയ്ക്കുന്ന. ഓലക്കം=മിന്നിച്ച. അനുരക്തിചേടി=അനുരാഗമാകുന്ന തോഴി. ആലക്ഷ്യമാക്കിയ=വെളിപ്പെടുത്തിയ. അകൃത്രിമകുങ്കുമാങ്കം=സ്വാഭാവികമായ കുങ്കുമത്തേപ്പ്.

7. ഭൃംഗ....ത്രാം=വണ്ടുപോലെ മിന്നുന്ന മഷിയെഴുതിയ ക

Digitized By Kerala Sahitya Akademi

രണ്ടാളിമാരുടെ നടുക്കിലിതൊക്കെയുള്ളിൽ-
കണ്ടോൻ പലപ്പൊഴുമിവൻ ദയിതൈകചിത്തൻ! 8

ഓക്കായ്കു,ടക്കൽ മുതലായവയാൽ തുടച്ചു-
നോക്കായ്കയില്ല നിയമച്യുതിഭീതിമൂലം;
നേക്കാ മനച്ചുമരിലാശ വരച്ച ചിത്രം
മായ്ക്കാവതല്ലിവനു, 'നാഗില'തൻ സ്വരൂപം! 9

ഒന്നായ് സ്വദൃഷ്ടിബലമൊക്കെയണച്ചുകൂട്ടി-
നിന്നാ യുവാവു പലവട്ടവുമുററുനോക്കീ;
എന്നാൽ വിമുക്തിയുടെ ശ്രേഷ്ഠമുഖത്തു കണ്ടീ-
ലന്നാഗിലയ്ക്കുടയ സൌഭഗസൌഷ്ഠവങ്ങൾ! 10

---

ണ്ടാകുന്ന താമരയിതൾ. നവ....ച്ചു=പുതുതായ ചന്ദനം പൂശൽ. കാഞ്ചീ....ടത്ത=അരഞ്ഞാണണിഞ്ഞു കാന്തിയുണ്ടാവാൻ പോകുന്ന.

8. 'ഉണ്ടാം....ടൻ'—'നിനക്കും വളയാകുന്ന സമ്മാനം ഉടനെ ഉണ്ടാവും.' ദയിതൈകചിത്തൻ=ഭാര്യയെത്തന്നെ വിചാരിക്കുന്നവൻ.

9. നിയമച്യുതി=വ്രതഭംഗം. നാഗില—ഭവദേവന്റെ പത്നി.

10. സൌഭഗ....വങ്ങൾ=സൌന്ദര്യങ്ങളും ഗുണങ്ങളും. എ

Digitized By Kerala Sahitya Akademi

'എൻനാഗിലേ, ഭവതിയെത്തഴകാതെ, മുക്തി
വന്നാലു,മില്ല ഭവദേവനു ബന്ധമോക്ഷം,
അന്നാരിതോൎത്തു?—യതിധൎമ്മമരുപ്പരപ്പിൽ-
നിന്നാണുപോൽ ചിദമൃതാപ്തി; ചതിച്ചു ശാസ്ത്രം! 11

ക്രൂർ കഷ്ടമായ്യനോടെ നേരിനവേണ്ടിയല്ലോ,
ശോകം സഹിച്ചുമിഹ ഞാൻ പ്രതിക്ഷയോടും;
നാകം ഗമിച്ചിതവിടുന്നി;നി ഞാനുമെന്റെ
നാകത്തിലേയ്ക്കു നടകൊള്ളുകിലെന്തയുക്തം? 12

ധന്യാംഗി ഹാ, വിധവ, നാഥനിരിയ്ക്കയെന്ന-
തന്യായമല്ലി?' പല തീവ്രകയോർത്തൊട്ടുക്കം,

---

ത്ര ശ്രമിച്ചിട്ടും ആയാൾക്ക മുക്തിയിൽ ആസക്തനായിത്തീരാൻ സാധിച്ചില്ല.

11. യതിധൎമ്മം=സന്ന്യാസം. ചിദമൃതാപ്തി=ബ്രഹ്മാനന്ദലാഭം. അമൃതം എന്നതിന്നു വെള്ളം എന്നും അൎത്ഥം.

12. നാകം ഗമിച്ചു=സ്വൎഗ്ഗാരോഹണംചെയ്തു. ഇതിന്നിടയിൽ ഭവദത്തൻ മരിച്ചു. എന്റെ നാകം—നാഗിലയുടെ സമീപം.

Digitized By Kerala Sahitya Akademi

മുന്യാശ്രമസ്ഥലികൾ—മുക്തിപാദങ്ങൾ—വിട്ട-
സ്സന്ന്യാസി സംസൃതിയിലേയ്ക്കു തിരിച്ചുപോന്നു! 13

## III

ക്രമാൽ സമീപിച്ചു, ചിരാദ്ദിദൃക്ഷിതം
സ്വമാതൃഭൂവാം മഗധം മനോഹരം;
സമാസാദിച്ചാൻ പ്രതിയാസ്സമുദ്ധമാം
ക്ഷമാവിഭാഗം തൃഷ ചേർന്ന കണ്ണിനാൽ. 1

അതാ, നിജഗ്രാമവുമക്ഷിലക്ഷ്യമായ്
സിതാംഗഗംഗാജലസംഗനിർവൃതം,

---

13. മുന്യ........ലികൾ=മഹർഷിമാരുടെ ആശ്രമപ്രദേശങ്ങൾ. സംസൃതി=സംസാരം. അയാൾ നാട്ടിലേയ്ക്കു് തിരിച്ചു.

1. ചിരാദ്ദിദൃക്ഷിതം=നീണ്ടാളായി കാണുവാനാശിച്ചതു്. അയാൾ ആ ഭൂഭാഗത്തെ ആർത്തിയോടേ നോക്കി.

2. അക്ഷിലക്ഷ്യമായ്=കാണാമാറായ്. സിതാം........തം= വെണ്മ പൂണ്ട ഗംഗയുടെ ജലം തട്ടി സുഖംകൊള്ളുന്നതു്. വ്രതാഢ്യ

Digitized By Kerala Sahitya Akademi

വ്രതാഢ്യയാം നാഗിലതൻ പദാപ്പണാ-
ലതാന്തസൌഭാഗ്യ,മതീവപാവനം! 2

'നമോസ്തു ഭാഗീരഥി, ഭാവുകപ്രദേ
നമോസ്തു തേ ഭാരതജീവനാഡികേ!
അമോഘഗീരെന്തരുൾചെയ്യുതമ്മ,യി-
സ്സമോഹനോമ്മിസ്വനമമ്മരങ്ങളാൽ? 3

'അരിക്തമാമവ്യയവിശ്രമാസ്പദം
ശരിക്കു പൂകുന്ന വഴിക്കിറങ്ങിയാൽ,

---

—നാഗിലയും സന്ന്യസിച്ചിരുന്നു. അതാന്തസൌഭാഗ്യം=സൌഭാഗ്യത്തിന്നുടവുതട്ടാത്തത്. അതീവ=ഏററവും.

3. ഭവദേവൻ പ്രാത്ഥിക്കുന്നു: ഭാവുകപ്രദേ=മംഗളം നല്കുന്നവൾ. ഭാര.......കേ=ഇന്ത്യയുടെ ജീവനാഡി. അമോഘഗീര്=പാഴാകാത്ത വാക്ക്, ഊമ്മി=ഓളം.

4. അരികതം=പൂണ്ണം. അവ്യയ.......ദം=നാശമില്ലാത്ത വിശ്രമസ്ഥാനം(സമുദ്രവും ബ്രഹ്മവും.)ജന്മപദം_ പവ്വതം തുടങ്ങിയ ഉൽപത്തിസ്ഥാനം. എന്നുടെ കൂട്ടർ—നദികൾ. അയാൾ നദിയെ തൻെറ സ്ഥിതിയോടു താരതമ്യപ്പെടുത്തിയപ്പോൾ തോന്നിയത്.

Digitized By Kerala Sahitya Akademi

ഒരിയ്ക്കലും ജന്മപദത്തിലെയ്ക്കു പിൻ...
തിരിയ്ക്കുകില്ലെന്നുടെ കൂട്ടരെ'ന്നതോ! 4

അനങ്ങിടാതായ് കഴൽ മുന്നിലേയ്ക്കുഖ-
ന്നനല്പമാം ലജ്ജ പിടിച്ചമർക്കയാൽ:
പുനശ്ച സന്ന്യാസി ഗൃഹസ്ഥനാവുകിൽ,—
ജ്ജനങ്ങളെന്തെന്തു ഹസിച്ചുരച്ചിടാ? 5

'വരട്ടെ, മാർഗ്ഗക്ലമമാറുകെ' ന്നവൻ
സുരസ്രവന്തീസുഖതോയശീതനായ്
കരയ്ക്കൊരാലിൻതണലത്തിളംതൃണ—
പ്പരപ്പിൽ നാനാനിനവാർന്നു മേവിനാൻ. 6

ഗളന്മരന്ദം തരുവല്ലിവൃന്ദമ—
ങ്ങിളക്കുമാറിൻകുളിർതെന്നൽ വന്നഹോ,

---

5. പുനശ്ച=വീണ്ടും. മുൻപദ്യത്തിൽ പറഞ്ഞ സംഗതി ഓർത്തപ്പോഴാണ്, ആയാൾക്ക് തന്റെ പ്രവൃത്തിയുടെ അനൗചിത്യം ഓർമ്മവന്നത്.

6. സുര....തൻ=ഗംഗയിൽ കുളിച്ചു കുളിർത്തവൻ.

Digitized By Kerala Sahitya Akademi

തളൎന്ന തന്മേനി തലോടവേ, സുഖം
വളൎന്നിരുന്നൊന്നു മയങ്ങിയധ്വഗൻ. 7

കാച്ചു പാൽക്കൊഞ്ചൽ പരസ്പരം പൊഴി–
ച്ചു,ണങ്ങുമായാൾക്കുപരിസ്ഥലാൽ തദാ
പറന്നുപോയ് രണ്ടുവഴിക്കു, മെയ്യൊരേ
നിറത്തിലാം രണ്ടു മനോജ്ഞപക്ഷികൾ. 8

തടഞ്ഞതപോലായ് തരുണന്നു വീർപ്പിട–
ല്ക്കി,–ടം പെട്ടം നൊറ്റി വിയത്തു മുറുമേ;
അടഞ്ഞ കണ്ണൊട്ടു തുറന്നു; ഭിക്ഷുകൻ
നടപ്പതെന്തിന്നു പകൽക്കിനാവിതിൽ! 9

---

7. ഗളന്മരന്ദം=തേൻ തൂകുമാറ്.

8. ഉപരിസ്ഥലാൽ=മേൽബ്ഭാഗത്തുനിന്ന്; വൃക്ഷത്തിന്മേൽനിന്ന്. അടുത്തു വരാൻപോകുന്ന സംഗതിയെ സൂചിപ്പിക്കുന്നു.

9. നടപ്പ........വിതിൽ—ഞയാം വെറുതേ ദിവാസ്വപ്നത്തിൽ നടക്കുകയായി!

Digitized By Kerala Sahitya Akademi

ഒരുൾഭ്രമാൽ, 'നാഗില, നാഗിലേ'തി താൻ
തെരുന്നനെക്കണ്ണു മിഴിച്ചു നോക്കവേ,
കരുനാമെയ്യാളവൾ മുൻവശത്തു നി-
ന്നിരുന്നു, ഗംഗാസലിലാർദ്രവസ്ത്രയായ്!. 10

പിടഞ്ഞെഴുന്നേററു, 'വരൂ പ്രിയേ; ഇമ്മേലോം
ചടച്ചുവോ ഭിക്ഷുകിയായി നീയുമേ!'
ഇടർച്ചയോടേവമുരച്ചു തനാചിത-
ന്നുടല്ലുനേരേ യതി കൈകൾ നീട്ടിനാൻ. 11

'തൊടാല്ലു മാം; നാഥ, തൊടാല്ലു; സക്തി തേ
പെടാല്ലു കൈവിട്ട നികൃഷ്ടവസ്തുവിൽ!'
സ്ഫുടാദരസ്നേഹമിതോതി, യുൾക്കനം
കെടാതെ കല്യാണിയൊഴിഞ്ഞുമാറിനാൾ. 12

---

10. ഗംഗാ.......സ്ത്ര=ഗംഗാജലംകൊണ്ടു നനഞ്ഞ വസ്ത്രത്തോടുകൂടിയവൾ; ഗംഗയിൽ കുളിച്ചവൾ.

12. സക്തി=ആസക്തി. സ്ഫുടാദരസ്നേഹം=ആദരവും സ്നേഹവും വ്യക്തമാകുമാറ്. ഉൾക്കനം=ധൈര്യം.

Digitized By Kerala Sahitya Akademi

"ക്ഷമിയ്ക്കു മേ ദേവി, സഗർഭ്യസൌഹൃദം-
നിമിത്തമായ് നിന്നെ വെടിഞ്ഞ തെററിനെ;
സമിദ്ധസന്താപമതിൻെറ ദുഷ്ഫലം
യമിവ്രതംകൊണ്ടു ഭുജിച്ചുതീൎത്തു ഞാൻ! 13

അമുത്ര സമ്പത്തിനിഹത്തിലെദ്ധനം
വിമുഗ്ദ്ധരായ് വിററുകളഞ്ഞിടേണ്ട നാം;
നമുക്ക ഗാർഹസ്ഥ്യവഴിയ്ക്കു നേടിടാം,
വിമുക്തിയെക്കാളുമഖണ്ഡമാം സുഖം!' 14

പൂന്തണ്ണീരെന്തിന പുഴയുപേക്ഷിച്ചു, ചേർ-
ക്കണ്ടുവെള്ളം•
സ്വാന്തമോഹാൽ കാഞ്ചന തിരയും തഷിതൻ
പോലിവണ്ണം

---

13. സഗർഭ്യസൌഹൃദം=സഹോദരസ്നേഹം. സമിദ്ധസന്താപം=ദുഃഖം പെരുത്ത.

14. അമുത്ര=പരലോകത്തിൽ. വിമുഗ്ദ്ധർ=വിവേകമില്ലാത്തവർ. അഖണ്ഡം=പൂർണ്ണം.

Digitized By Kerala Sahitya Akademi

കാന്തൻ ചൊല്ലിക്കഴിവതിനുമുമ്പോതിനാൾ
സാധ്വി:— 'ഹാഹാ,
ശാന്തം പാപം: വ്രതഹതി യതിയ്ക്കാത്മഹ-
ത്യയ്ക്കു തുല്യം! 15

ആ രാജേന്ദ്രകിരീട,മാ രമണിയാം,
ളപ്പൊന്മണിപ്പൈതൽ— പ-
ണ്ടാരാഹന്ത, വെടിഞ്ഞുവോ സകലവും
സായൂജ്യമങ്ങൊന്നിനായ്
പാരാതഗ്ഗുരുവെ സ്മരിച്ചു തിരിയേ
പോകൂ; തപോവിഘ്നമായ്-
ത്തീരായ്ക്കാത്മപതിയ്ക്കു നാഗില, കൃതാ-
ത്മാവേ, തവാനുഗ്രഹാൽ'! 16

---

15. സ്വാന്തമ്മോഹാൽ=തന്റെ തെറ്റിദ്ധാരണമൂലം. ക്വചന=ഒരിടത്ത്. തൃഷിതൻ=ദാഹമുള്ളവൻ. വ്രതഹതി=വ്രതഭംഗം.

16. അഗ്ഗുരു=ബുദ്ധഭഗവാൻ. കൃതാത്മാവ്=അറിവുള്ളവൻ

Digitized By Kerala Sahitya Akademi

Digitized By Kerala Sahitya Akademi